05.07.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി

ക്രിസ്തീയ പത്രം

Vol. 26
Issue 13

ഐപിസി മലബാർ കേരള സ്റ്റേറ്റ് നിലവിൽവന്നു

കുമ്പനാട്: ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ മലബാർ സ്റ്റേറ്റ് നിലവിൽ വന്നു. 2025 ഫെബ്രുവരി 26 ന് കൂടിയ ജനറൽ കൗൺസിൽ കേരള സ്റ്റേറ്റ് വിഭജിച്ച് പുതുതായി ഐപിസി മലബാർ കേരള സ്റ്റേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ഐപിസി ജനറൽ പ്രസിഡൻറ് പാസ്റ്റർ ഡോ. ടി വത്സൻ എബ്രഹാം പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു.

പാസ്റ്റർ ജോൺ ജോർജ് (പ്രസിഡൻറ്), പാസ്റ്റർ ജിമ്മി കുര്യാക്കോസ് (വൈസ് പ്രസിഡൻറ്), പാസ്റ്റർ ബിജോയ് കുര്യാക്കോസ് (സെക്രട്ടറി), പാസ്റ്റർ ജോയ് ഗീവർഗീസ്, ബ്രദർ വിൻസൻറ് തോമസ് (ജോയിൻ സെക്രട്ടറിമാർ), ബ്രദർ ജോർജ് തോമസ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കസർഗോഡ് ആറ് റവന്യൂ ജില്ലകളിലുള്ള ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയുടെ 34 സെൻററുകളിൽ ഉൾപ്പെട്ട 513 സഭകൾ ഐപിസി മലബാർ കേരള സ്റ്റേറ്റിന്റെ കീഴിൽ വരും.

സഭാ ജനറൽ പ്രസിഡൻറ് പാസ്റ്റർ ഡോ. വത്സൻ എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ബേബി വർഗീസ് സ്ഥാനാരോഹണ പ്രാർത്ഥന നടത്തി.

ജനറൽ ജോയിൻറ് സെക്രട്ടറി ഡോ. കാച്ചാണത്ത് വർക്കി ഏബ്രഹാം, ജനറൽ ട്രഷറർ ഡോ. ജോൺ ജോസഫ്, പാസ്റ്റർമാരായ സണ്ണി കുര്യൻ, വർഗീസ് മത്തായി, ജോൺ ജോർജ്, ബിജോയ് കുര്യാക്കോസ്, കെ.പി. കുര്യൻ, കെ. കോശി, പി.എ. മാത്യു, പി.എ. കുര്യൻ എന്നിവർ പ്രസംഗിച്ചു.

കേരള സ്റ്റേറ്റിനെ വിഭജിക്കുന്നതിനെതിരെ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ ബിനു വി. ജോർജ്, ജോജി ഐപ്പ് മാത്യൂസ്, ജോബി ഏബ്രഹാം, ഷെറിൻ ജേക്കബ് എന്നിവർ ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. വാദം കേട്ട കോടതി രണ്ടുമാസത്തേക്ക് വിഭജനം സ്റ്റേ ചെയ്തിരുന്നു. എന്നാൽ ജൂൺ 9 ന് കോടതി സ്റ്റേ നീക്കുകയും വിഭജനം സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കോടതിയിൽ നിലവിലുള്ള കേസ് എത്രയും വേഗം വിധി പറയുന്നതിന് ഹൈക്കോടതി ഉത്തരവിടുകയും ചെയ്തു.

ഐപിസി കർണാടക സ്റ്റേറ്റിനു പുതിയ ഭാരവാഹികൾ

ബെംഗളൂരു: ഐപിസി കർണാടക സംസ്ഥാന പ്രസിഡന്റായി പാസ്റ്റർ ഡോ. വർഗീസ് ഫിലിപ്പ്, സെക്രട്ടറിയായി പാസ്റ്റർ വർഗീസ് മാത്യു എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർമാരായ കെ.വി. ജോസ് (വൈസ് പ്രസിഡന്റ്), ബ്രദർ പി.പി. പോൾസൺ (ജോയിന്റ് സെക്രട്ടറി), ബ്രദർ സജി തോമസ് പാറേൽ (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. ശുശ്രൂഷകരും വിശ്വാസികളുമായി 24 പേരെ കൗൺസിൽ അംഗങ്ങളായും തെരഞ്ഞെടുത്തു. എതിരില്ലാതെ തെരഞ്ഞെടുത്ത പുതിയ ഭാരവാഹികളുടെ പേരുകൾ തെരഞ്ഞെടുപ്പ് കമ്മീഷണർ ബ്രദർ പി.വി. മാത്യൂസ് പ്രഖ്യാപിച്ചു.

ജൂലൈ 1 ന് ഹൊറമാവ് അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ഹാളിൽ നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ അഡ്ഹോക്ക് കമ്മിറ്റി ചെയർമാൻ ഡോ. കാച്ചാണത്ത് വർക്കി അധ്യക്ഷനായിരുന്നു. ഐപിസി ദേശീയ പ്രസിഡന്റ് പാസ്റ്റർ ടി. വത്സൻ ഏബ്രഹാം എക്സികൂട്ടിവ് അംഗങ്ങൾക്കും കൗൺസിൽ അംഗങ്ങൾക്കും സത്യപ്രതിജ്ഞാ വാചകം സൂമിലൂടെ ചൊല്ലി കൊടുത്തു. ജനറൽ സെക്രട്ടറി പാസ്റ്റർ ബേബി വർഗീസ് അനുഗ്രഹ പ്രാർഥന നടത്തി. പാസ്റ്റർമാരായ കെ.പി. കുര്യൻ, വിൽസൺ ജോസഫ്, ജോൺ ജോസഫ്, റ്റി.ജെ. ബെന്നി, എം.ഐ. ഈപ്പൻ എന്നിവർ ആശംസകൾ അറിയിച്ചു. പുതിയ ഭരണസമിതി കർണാടക ഐപിസിയുടെ സുവിശേഷീകരണത്തിനായി 8 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്ത ബജറ്റ് സെക്രട്ടറി ഡോ. പാസ്റ്റർ വർഗീസ് ഫിലിപ്പ് അവതരിപ്പിച്ചു. പാസ്റ്റർ വർഗീസ് മാത്യു നന്ദിയും സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.ഡി. തോമസ് സമാപന പ്രാർഥനയും നടത്തി. ബ്രദർ പി.വി. മാത്യൂസ് ഇലക്ഷൻ കമ്മീഷണറും പാസ്റ്റർ കെ.പി. ജോർജ് റിട്ടേണിംഗ് ഓഫീസറും എബി ജോർജ് ഇലക്ഷൻ ഓഫീസറും ആയിരുന്നു.

തിരഞ്ഞെടുപ്പിനെതിരെ ബാംഗ്ലൂർ സിറ്റി കോടതിയിൽ നിലവിലിരുന്ന നിരോധന ഉത്തരവ് തള്ളിയതോടെയാണ് ഭാരവാഹികളെ പ്രഖ്യാപിച്ചത്.

അഖിലേന്ത്യ ഏജി ജനറൽ എക്സിക്യൂട്ടീവ് കമ്മിറ്റി രാജിവെച്ചു

പാസ്റ്റർ ഡി. മോഹന്റെ നേതൃത്വത്തിൽ അഡ്ഹോക്ക് കമ്മറ്റി നിലവിൽ വന്നു



ചെന്നൈ: അസംബ്ലിസ് ഓഫ് ഗോഡ് ഇന്ത്യയുടെ 11-ാമത് ത്രിവത്സര കോൺഫറൻസിലുണ്ടായ സംഭവവികാസങ്ങളെ തുടർന്ന് അഖിലേന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ രാജി വെച്ചു.

നിലവിലുണ്ടായിരുന്ന കമ്മിറ്റിയിൽ നിന്ന് മിക്കവരും രാജിവെച്ചതിനെ തുടർന്ന് മുൻ ജനറൽ സുപ്രണ്ട് റവ. ഡി. മോഹന്റെ നേതൃത്വത്തിൽ 7 അംഗ അഡ്ഹോക്ക് കമ്മിറ്റിയെ അഖിലേന്ത്യ ജനറൽ പ്രസബിറ്ററി തിരഞ്ഞെടുക്കുകയും അവർ ഭരണ ചുമതല ഏറ്റെടുക്കുകയും ചെയ്തു. മൂന്ന് മാസത്തിനുള്ളിൽ കോൺഫറൻസ് നടത്തേണ്ടതാണ്. ജൂൺ 26ന് ചെന്നൈയിൽ വെച്ച് നടന്ന അഖിലേന്ത്യ അസംബ്ലീസ് ഓഫ് ഗോഡിന്റെ ജനറൽ പ്രസബിറ്ററിയിലാണ് തീരുമാനമുണ്ടായത്. കോൺഫറൻസ് നടത്തുന്നതിൽ മുൻ ചെയർമാൻ പാസ്റ്റർ പോൾ തങ്കയ്യയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയെ പ്രസ്ബിറ്ററി ഒന്നടങ്കം ശക്തമായി അപലപിച്ചു. പാസ്റ്റർ പോൾ തങ്കയ്യ പ്രസ്തുത പ്രസ്ബിറ്ററി മീറ്റിംഗിൽ പങ്കെടുത്തില്ല.

19-ാമത് ശാരോൻ നാഷണൽ കോൺഫറൻസ് ഡാളസിൽ അനുഗ്രഹീത തുടക്കം

ഡാളസ്: 19-ാമത് ശാരോൻ നാഷണൽ കോൺഫറൻസിന് ഡാളസിലെ ശാരോൻ ഇവന്റ് സെന്ററിൽ തുടക്കമായി. പ്രയർ കൺവീനർ പാസ്റ്റർ ഗീവർഗീസ് തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച ഉത്ഘാടന സമ്മേളനത്തിൽ പാസ്റ്റർ ബാബു തോമസ് അദ്ധ്യക്ഷത വഹിച്ചു. നാഷണൽ സെക്രട്ടറി ബ്രദർ ജോൺസൺ ഉമ്മൻ സ്വാഗതം ആശംസിച്ചു. പാസ്റ്റർ സ്റ്റീഫൻ വർഗീസ് കോൺഫറൻസിന്റെ തീം അവതരിപ്പിച്ചു. പാസ്റ്റർ ഡോ. റ്റിങ്കു തോംപ്സൺ പ്രാർത്ഥിച്ച് ഉത്ഘാടനവും, വചന ശുശ്രൂഷയും നിർവഹിച്ചു. തുടർന്ന് പാസ്റ്റർ തോമസ് മാമ്മൻ ദൈവവചനം സംസാരിച്ചു.

ഡോ.ബ്ലെസ്സൻ മേമനയുടെ നേതൃത്വത്തിൽ ശാരോൻ നാഷണൽ ക്വയർ സംഗീത ശുശ്രൂഷ നിർവഹിച്ചു. ഞായറാഴ്ച പൊതു ആരാധനയോടെ അവസാനിക്കും. ''വരുവിൻ, നമുക്ക് ദൈവവുമായി ഒരുമയിൽ നടക്കാം'' (ആമോസ് 3:3) എന്നുള്ളതാണ് കോൺഫറൻസ് തീം.

കോൺഫറൻസിന്റെ വിവിധ സെഷനുകളിൽ പാസ്റ്റർ ജോ തോമസ് (ബെംഗളൂരു), പാസ്റ്റർ ജോൺ തോമസ് (SFC ഇന്റർനാഷണൽ സെക്രട്ടറി), പാസ്റ്റർ ഡോ. റ്റിങ്കു തോംസൺ (പ്രസിഡന്റ്, SFCNA), പാസ്റ്റർ സന്തോഷ് തര്യൻ ആൽബനി(വൈസ് പ്രസിഡന്റ് SFCNA), പാസ്റ്റർ ജോയ് തോമസ് (SFC ഒക്കലഹോമ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. റോബർട്ട് & ജാൻ ടീൽ ടീം കുഞ്ഞുങ്ങളുടെ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നു.

പാസ്റ്റർ. സ്റ്റീഫൻ വർഗീസ് (നാഷണൽ കൺവീനർ), പാസ്റ്റർ. വിൽസൺ ജോർജ് (ജോയിന്റ് കൺവീനർ), ജെയിംസ് ഉമ്മൻ (നാഷണൽ സെക്രട്ടറി), മേബിൾ തോമസ് (ട്രഷറർ), ജിംസ് മേടമന (ജോയിന്റ് ട്രഷറർ), പാസ്റ്റർ. എബിൻ അലക്സ് (മീഡിയ കോഓർഡിനേറ്റർ), സിസ്റ്റർ. സിബി ജോസഫ് (ലേഡീസ് കോഓർഡിനേറ്റർ), ബ്രാഡ്ലി മാത്യു (യൂത്ത് കോഓർഡിനേറ്റർ) എന്നിവർ നാഷണൽ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നു. കോൺഫറൻസ് 6 ന് ഞായറാഴ്ച സംയുക്ത സഭായോഗത്തൊടെ സമാപിക്കും.

പി.വൈ.പി.എ. കേരള സ്റ്റേറ്റ് സ്നേഹക്കൂട് വേങ്ങൂർ പ്രൊജക്ടിന് സാക്ഷാത്ക്കാരം

വേങ്ങൂർ : പി.വൈ.പി.എ. കേരളാ സ്റ്റേറ്റിന്റെ അഭിമാന പദ്ധതിയായ സ്നേഹക്കൂട് വേങ്ങൂർ പ്രൊജക്ട് യാഥാർഥ്യമായി. ഈ ഭരണസമിതിയുടെ ആരംഭ സമയത്ത് തറക്കല്ലിട്ട് ആരംഭിച്ച സൗജന്യ ഭവന നിർമ്മാണ പദ്ധതിയിൽ രണ്ട് വീടുകളാണ് പൂർത്തീകരിച്ചത്. ജൂൺ മാസം 29 ന് വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി.

ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസും, പാസ്റ്റർ ഷാജി ദാനിയേലും പ്രസ്തുത ഭവനങ്ങളുടെ സമർപ്പണവും പ്രതിഷ്ഠയും നിർവഹിച്ചു.

വേങ്ങൂർ ഐ.പി.സി. ബെഥേൽ സഭാ ഹാളിൽ ആക്ടിങ് പ്രസിഡന്റ് ഇവാ. മോൻസി പി. മാമൻ അധ്യക്ഷത വഹിച്ച പൊതുസമ്മേളനം ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ പദ്ധതി വിശദീകരിച്ചു. ഐ.പി.സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഡാനിയേൽ കൊന്നനിൽക്കുന്നതിൽ, പാസ്റ്റർ ഷാജി ഡാനിയേൽ എന്നിവർ ദൈവവചനത്തിൽ നിന്നും സംസാരിക്കുകയും ചെയ്തു.

ഐ.പി.സി. കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ രാജു ആനിക്കാട്, ഐ.പി.സി. കേരളാ സ്റ്റേറ്റ് ട്രഷറർ പി.എം.ഫിലിപ്പ്, ഇളമാട് പഞ്ചായത്ത് പ്രസിഡന്റ് ജേക്കബ് വാളിയോട്, പാസ്റ്റർമാരായ ബെഞ്ചമിൻ വർഗീസ്, ജോൺ റിച്ചാർഡ്, സണ്ണി എബ്രഹാം, പൊന്നച്ചൻ എബ്രഹാം, ബോബൻ ക്ലീറ്റസ്, ബ്രദർ ഫിന്നി പി. മാത്യു, റോബിൻ വാളകം, കൊച്ചുമോൻ കൊട്ടാരക്കര, സിസ്റ്റർ ഗീതമ്മ സ്റ്റീഫൻ എന്നിവർ ആശംസകൾ അറിയിച്ചു.

സിസ്റ്റർ ഇവാൻജെലിൻ ജോൺസൻ, വേങ്ങൂർ പി.വൈ.പി.എ ക്വയർ ഗാന ശുശ്രുഷക്ക് നേതൃത്വം നൽകി. സംസ്ഥാന പി.വൈ.പി.എ. വൈസ് പ്രസിഡന്റ് ബ്ലെസ്സൺ ബാബു, ജോയിന്റ് സെക്രട്ടറിമാരായ ലിജോ സാമുവേൽ, സന്ദീപ് വിളമ്പുകണ്ടം, ട്രഷറർ ഷിബിൻ ഗിലെയാദ്, കോർഡിനേറ്റർ ജോസി പ്ലാത്താനത്ത്, സംസ്ഥാന സമിതി അംഗങ്ങളായ ജെറിൻ ജെയിംസ് വേങ്ങൂർ, എബിൻ പൊന്നച്ചൻ, മാത്യു ജോൺ കുണ്ടറ, പാസ്റ്റർ ജോമോൻ ജോസ്, ബിബിൻ സാം വെട്ടിക്കൽ, ഫിന്നി ആർഡാൻ, വേങ്ങൂർ സെന്റർ, ലോക്കൽ പി.വൈ.പി.എ പ്രവർത്തകർ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

സുവിശേഷത്തിന്റെ സമാന്തര രേഖകൾ
▪ അദ്ധ്യായം 19 ▪

പേരിനുള്ളിലെ പോരായ്മകൾ

> **നിലനിൽക്കുന്നതും വിലമതിക്കുന്നതും സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുന്നതുമായ പ്രവർത്തി പേരും പ്രശസ്തിയും ആഗ്രഹിക്കാതെ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും സാമ്പത്തിക കൈത്താങ്ങലുകളുമാണ്.**

സജി പീച്ചി

എല്ലാ മനുഷ്യർക്കും അവരുടെ പേര് ഏറ്റവും പ്രിയങ്കരമാണ്. മനുഷ്യരെല്ലാം തങ്ങളുടെ പേർ ഏറ്റവും മഹത്വമുള്ളതായാണ് കാണുന്നത്. തിരിച്ചറിവില്ലാത്ത പ്രായത്തിൽ മക്കൾക്ക് രക്ഷകർത്താക്കൾ നൽകുന്ന സംഭാവനയാണ് പേര്. പിന്നീട് ഓരോരുത്തരുടെയും പേർ അവരുടെ സ്വത്തും സ്വത്വവുമായി മാറുന്നു. പേർ സ്വന്തമാണെന്നിരിക്കിലും പേരിന്റെ ഉപയോഗം സാധ്യമാക്കുന്നത് മറ്റുള്ളവരാണെന്നത് മറ്റൊരു വൈരുദ്ധ്യം. സ്വന്തം പേർ വലുതായി കാണാൻ താല്പര്യം ഇല്ലാത്ത മനുഷ്യരില്ല. അത് ജന്മസിദ്ധമായ ഒരു വാസനയാണ്. പേരിന്റെ പേരിൽ എന്തെല്ലാം കോലാഹലങ്ങളാണ് ഇന്ന് അരങ്ങേറിക്കൊണ്ടിരിക്കുന്നത്....

ഉദ്ഘാടന ചടങ്ങുകളിലും പൊതുയോഗങ്ങളിലും സ്വന്തം പേർ നോട്ടീസിൽ കണ്ടില്ലെങ്കിൽ, ശിലാഫലകങ്ങളിൽ പേർ കൊത്തിവച്ചില്ലെങ്കിൽ എന്തെല്ലാം പുകിലുകളും ഒച്ചപ്പാടുകളുമാണ് കേൾക്കേണ്ടി വരുന്നത്. ആത്മീയ ഗോളത്തിലും പേരിനെ ചൊല്ലിയുള്ള വിവാദം അനേകരുടെ സ്വസ്ഥത കെടുത്തിയിട്ടുണ്ട്. തങ്ങൾക്ക് അർഹമായ സ്ഥാനമാനങ്ങൾ ലഭിച്ചില്ലെന്നും തങ്ങളെ മനഃപൂർവ്വം അവഗണിച്ചെന്നുമുള്ള പരാതി പലരിൽ നിന്നും ഉയർന്നു കേട്ടിട്ടുണ്ട്. അനാവശ്യമായി തങ്ങളുടെ പേര് വലിച്ചിഴച്ച് കളങ്കം ചാർത്തിയതിന്റെ പേരിൽ അപമാനക്ഷതമേറ്റവരും നിരവധിയാണ്.

ബൈബിളിൽ പേരിലൂടെ പ്രശസ്തനാകാൻ ഒരുമ്പെട്ട ആദ്യ വ്യക്തി ഭൂമിയിലെ ആദ്യ നായാട്ടുവീരനായ നിമ്രോദാണ്. അതിസാഹസീകതയായിരുന്നു നിമ്രോദിനുണ്ടായിരുന്നത്. നിമ്രോദിന്റെ ഹൃദയത്തിലുണ്ടായ നിഗളമാണ് ബാബേൽ ഗോപുര നിർമ്മാണത്തിന് തന്നെ പ്രേരിപ്പിച്ചത്. ദൈവം വിചാരിച്ചാൽ പോലും തങ്ങളെ ഒന്നും ചെയ്യാനാകില്ല എന്ന കുശാഗ്ര ബുദ്ധിയാണ് ആകാശത്തോളമെത്തുന്ന ഗോപുര നിർമ്മാണത്തിന് തന്നെ പ്രേരിപ്പിച്ചത്. ബാബേൽ ഗോപുരശില്പി എന്ന നാമധേയവും അതോടൊപ്പം താൻ സ്വപ്നം കണ്ടിരുന്നു. സ്വന്തമായി ഒരു പട്ടണവും അതിൽ ഒരു ഗോപുരവുമുണ്ടാക്കി പേരെടുക്കാൻ നിമ്രോദ് ആഗ്രഹിച്ചു. ആ ആഗ്രഹം സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും ഉത്ഭവിച്ചതായിരുന്നു. ഒപ്പം ദൈവത്തോടുള്ള വെല്ലുവിളിയും.

ദൈവം തന്റെ ഉദ്ദേശം കണ്ടറിഞ്ഞു. തന്മൂലം പാളിപ്പോയ പദ്ധതിയായിരുന്നു ബാബേൽ ഗോപുര നിർമ്മാണം. പകുതി വഴിയിൽ പരാജയം ഏറ്റു വാങ്ങേണ്ടി വന്നു. സ്വയം മഹത്വീകരിച്ചു പേരുണ്ടാക്കാൻ ശ്രമിക്കുന്നവർക്കുള്ള ഒരു



മുന്നറിയിപ്പും ഗുണപാഠവുമാണ് ബാബേൽ ഗോപുരനിർമ്മാണം. വിജ്ഞാനികളിൽ വിജ്ഞാനിയായ ശലോമോൻ പറയുന്നു, നല്ല പേർ സുഗന്ധ തൈലത്തേക്കാൾ വീശിഷ്ടമായതാണ്. ശലോമോന്റെ കേൾവി ദിക്കുകൾക്കപ്പുറം ബഹുദൂരത്തോളം എത്തി. ശേബ രാജ്ഞി തന്റെ ഖ്യാതി കേട്ട് കാണാൻ എത്തി.

യൂദാ യേശുവിന്റെ ശിഷ്യ ഗണത്തിൽപ്പെട്ട വ്യക്തി ആയിരുന്നു. തന്റെ നിലവാരം സൂക്ഷിക്കാതിരുന്നത് സ്വന്തം പേരിനു കളങ്കം ചാർത്താൻ കാരണമായി. യൂദ എന്ന വാക്കിനർത്ഥം പ്രശംസിക്കപ്പെട്ടവനെന്നത്രേ. യൂദാ എന്ന പേര് മക്കൾക്കോ, പ്രസ്ഥാനത്തിനോ സ്ഥാപനങ്ങൾക്കോ ഇടാൻ ആരും തയ്യാറല്ല. അത്രയും ഹീനവും നിന്ദ്യവും നീചവുമായിരുന്നു തന്റെ പ്രവർത്തികൾ. ചില്ലറ നാണയങ്ങക്ക് വേണ്ടി സ്വന്തം ഗുരുവിനെ ഒറ്റി കൊടുത്ത ദ്രോഹിയായിരുന്നു യൂദാ! അതൊരു വലിയ പാതകമായിരുന്നു. ആ നാണയം യാതൊന്നിനും ഉപകാരമായി വന്നില്ല. അല്ലെങ്കിലും അന്യായമായി കയ്യിൽ വരുന്നത് ഉപകാരമായി വരില്ല. ഗുണം വരാതെ പോകയേയുള്ളൂ.

യൂദയുടെ ജീവിതം ഒരു ദുരന്തത്തിൽ കലാശിച്ചു. യേശുവിന്റെ ശിഷ്യൻ എന്നുള്ള ഏറ്റവും മഹത്വമുള്ള സ്ഥാനത്തായിരുന്നു യൂദയെ ആക്കി വച്ചത്. സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മറ്റൊരു പദവി കൂടി തനിക്ക് നല്കപ്പെട്ടു. എന്നാൽ ആ സ്ഥാനം താൻ ഭംഗിയായി കൈകാര്യം ചെയ്തില്ല. ഉള്ളിന്റെ ഉള്ളിൽ ദ്രവ്യാഗ്രഹം കയറിപ്പറ്റി. അതവനെ അധഃപതനത്തിലെത്തിച്ചു എന്നതിനേക്കാൾ സ്വർഗ്ഗത്തിന്റെ പടിവാതിൽക്കൽ പോലും വരാനുള്ള യോഗ്യതയും അവൻ സ്വയം നഷ്ടമാക്കി. ഹേരോദാവാണ് മറ്റൊരു കഥാപാത്രം. മനുഷ്യരുടെ വാഴ്ത്തിപ്പാടലിൽ നിഗളിച്ചു പോയ ഒരു അധമനായിരുന്ന അദ്ദേഹം കൃമിക്ക് ഇരയായി പ്രാണനെ വിട്ടു. ലോകത്തിൽ കിരാത ഭരണം കാഴ്ചവെച്ച നെപ്പോളിയൻ, ഹിറ്റ്ലർ, കൈസർ,എന്നീ ക്രൂരന്മാരായ ഭരണാധികാരികളുടെ പേർ ഓർക്കാൻ ഇന്നും ജനം ഇഷ്ടപ്പെടുന്നില്ല. തങ്ങളുടെ വളർത്തു നായകൾക്ക് അവർ ആ പേരിട്ടു വിളിക്കുന്നു.

പേരു കിട്ടാൻ സംഭാവന കൊടുക്കുന്നവരും സംഘടനയുടെ തലപ്പത്ത് സ്ഥാനം ഉറപ്പിക്കുന്നവരും കൺവെൻഷൻ യോഗങ്ങൾ നടത്തുന്നവരും ഫ്ളെക്സ് അടിച്ച് ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നവരും ഉച്ച ഭക്ഷണം കൊടുത്ത് മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നവരും ജനശ്രദ്ധയാകർഷിക്കാൻ ഉച്ചത്തിൽ സംസാരിക്കുന്നവരും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ വാഴ്ത്തൽ യോഗങ്ങൾ സംഘടിപ്പിക്കുന്നവരും നമ്മുടെ ചുറ്റും ധാരാളമുണ്ട്. അവർക്ക് പ്രതിഫലം കിട്ടിപ്പോയി. നിലനിൽക്കുന്നതും വിലമതിക്കുന്നതും സ്വർഗ്ഗത്തിൽ പ്രതിഫലം ലഭിക്കുന്നതുമായ പ്രവർത്തി പേരും പ്രശസ്തിയും ആഗ്രഹിക്കാതെ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും സാമ്പത്തിക കൈത്താങ്ങലുകളുമാണ്.

www.sdpathram.com
സ്വർഗ്ഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Chief Editor	:	Finny P. Mathew
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

പഠന പരമ്പര 9

പലസ്തീൻ ആരുടേത്? ഭാവി എന്ത്?

ഫിലിപ്പോസ് കുളക്കട
9605498870

യിസ്രായേല്യ സന്തതികളിൽ ഒരു രക്ഷിതഗണ ശേഷിപ്പ് എക്കാലവും ഉണ്ടായിരിക്കും. അവർക്കുവേണ്ടിയുള്ളതാണ് ഭാവികാല വാഗ്ദാനങ്ങളെല്ലാം. പുതിയനിയമ വിശുദ്ധന്മാർ കർത്താവിന്റെ മഹത്വ പ്രത്യക്ഷത വരെ ഭൂമിയിൽ ഉണ്ടായിരിക്കും.

ദൈവത്തിന്റെ അനന്യത്വം (Immutability of God)

വെളി. 7:9–17 ഒരു അവലോകനം

1. ‘കൈയിൽ കുരുത്തോലയുമായി’ അത് പഴയനിയമ അനുഷ്ഠാനമാണ്. പുതിയനിയമ സഭയിൽ കുരുത്തോല പ്രദർശനമില്ല.

2. അപ്പോൾ കുഞ്ഞാട് സിംഹാസനസ്ഥനല്ല. സിംഹാസനത്തിലിരിക്കുന്ന ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം വാ. 10. സിംഹാസനത്തിന് മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് വാ. 17. പുതിയ യെരുശലേമിൽ കുഞ്ഞാട് സിംഹാസനത്തിന്റെ മദ്ധ്യത്തിലായിരിക്കയില്ല സിംഹാസനത്തിലാണ് 22:1.

3. അവർ ആരാധിക്കുന്നത് ദൈവത്തിന്റെ ആലയത്തിലാണ് (വാ. 15). പുതിയ യെരുശലേമിൽ ആലയം ഉണ്ടായിരിക്കുകയില്ല (21:22).

4. രാപ്പകൽ: രാപ്പകൽ അവനെ ആരാധിക്കുന്നു (വാ. 15). പുതിയ യെരുശലേമിൽ രാത്രി ഇല്ല. രാത്രി അവിടെ ഇല്ലല്ലോ (വാ. 26).

5. കൂടാരം: സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്ക് കൂടാരമായിരിക്കും (വാ. 16). ഒല ംവീ ശെേ ീി വേല വേ്യൃീല ംശഹഹ റ്യെലമ വശ െലിേ ീ്യ വേലാ ച.ക.ഢ സിംഹാസനസ്ഥൻ സാന്നിദ്ധ്യം കൊണ്ട് അവർക്ക് അഭയം നൽകും (ഓശാന). കൂടാരത്തിന്റെ ആവശ്യം വെയിലും ചൂടും തട്ടാതിരിക്കാനാണ് (വാ. 16). അവർ ആയിരിക്കുന്നത് വെയിലും ചൂടും ഉള്ളയിടത്താണ്. പുതിയ യെരുശലേമിൽ വെയിലും ചൂടും ഉണ്ടാകയില്ല.

6. വിശപ്പ്, ദാഹം: ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയുമില്ല എന്ന് പറഞ്ഞിട്ടുണ്ട് (വാ. 16). അതിന്റെ ആശയം മനസിലാക്കേണ്ടത് വിഷയ ബന്ധത്തിലാണ്. സിംഹാസനത്തിന് മദ്ധ്യ ഉള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും എന്ന് വാക്യം 17ൽ പറയുന്നു. വിശപ്പും ദാഹവുമില്ലെങ്കിൽ മേച്ചലും ജലവും എന്തിന്? സമാനമായ ഒരു പ്രയോഗം യെശ 49:9–10 വാക്യങ്ങളിൽ കാണുന്നു. അവർ വഴികളിൽ മേയും എല്ലാ പാഴ്മലകളിലും അവർക്ക് മേച്ചിലുണ്ടാകും. അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയുമില്ല – അവരോട് കരുണയുള്ളവൻ അവരെ വഴി നടത്തുകയും നീരുറവുകൾക്കരികെ അവരെ കൊണ്ടുപോകുകയും ചെയ്യും. ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയുമില്ല എന്ന് പറയുന്നത് ആഹാരമോ ജലമോ അർക്ക് ആവശ്യമില്ല എന്ന അർത്ഥത്തില്ല, മറിച്ച് ആഹാരത്തിന്റെയും ജലത്തിന്റെയും സമൃദ്ധിയുണ്ടാകും എന്ന വിവക്ഷയിലാണെന്ന് അവിടെ വ്യക്തമാണല്ലോ. അത് നിഷേധിക്കുവാൻ നല്ല മനസാക്ഷിയുള്ളവർക്ക് കഴിയുകയില്ല.

7. കണ്ണുനീർ: ദൈവം താൻ അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചു കളയും (വാ. 17). ജഡശരീരത്തിലെ ഒരു പ്രതിഭാസമാണ് കണ്ണുനീർ. സ്വർഗീയ ശരീരങ്ങളിൽ ജലാംശം ഇല്ല. അതിനാൽ കണ്ണുനീർ ഇല്ല. ഉദ്ധൃത ഭാഗത്ത് പറയപ്പെടുന്നവർ ജഡശരീരികളാണെന്ന് അതും തെളിയിക്കുന്നു. ദൈവം അവരുടെ കണ്ണുനീർ തുടയ്ക്കുമെന്ന് 21:4ലിലും കാണുന്നു. അത് പുതിയ ഭൂമിയിലെ ജഡവാസികളുടേതാണ്.

യിസ്രായേല്യ സന്തതികളിൽ ഒരു രക്ഷിതഗണ ശേഷിപ്പ് എക്കാലവും ഉണ്ടായിരിക്കും. അവർക്കുവേണ്ടിയുള്ളതാണ് ഭാവികാല വാഗ്ദാനങ്ങളെല്ലാം. പുതിയനിയമ വിശുദ്ധന്മാർ കർത്താവിന്റെ മഹത്വ പ്രത്യക്ഷത വരെ ഭൂമിയിൽ ഉണ്ടായിരിക്കും. അവർ വിശുദ്ധന്മാരുടെ സന്തതികളായിരിക്കണമെന്നില്ല. അങ്ങനെയുള്ളവരാണെങ്കിലും അവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് കൽപനകൾ അനുസരിച്ച് ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധരായെങ്കിൽ മാത്രമേ വിശുദ്ധന്മാർക്കുള്ള വാഗ്ദത്തത്തിന് അവകാശികളാകു. അവിടെ വിശുദ്ധന്മാരുടെ സന്തതി എന്ന പരിഗണനയൊന്നും ഉണ്ടായിരിക്കുയില്ല. അവരിൽ കർത്താവിന്റെ മേഘപ്രത്യക്ഷതയ്ക്കു മുമ്പ് മരിച്ചു പോകുന്നവരുടെ മരണത്തോടുകൂടെയും അന്ന് ജീവനോടെ ഇരിക്കുന്നവരുടെ രൂപാന്തരത്തോടുകൂടെയൂം അവരുടെ കണ്ണുനീർ അവസാനിച്ചിരിക്കും. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ അവരും ഭൂമിയിലേക്ക് വന്നാലും അവർ ഭൗതിക ശരീരികളല്ലാത്തതിനാൽ അവർക്ക് കണ്ണുനീർ ഉണ്ടായിരിക്കുകയില്ല. അതിനാൽ അവരുടെ കണ്ണുനീർ ദൈവം തുടയ്ക്കുകയുമില്ല.

വെളി. 7 ൽ പറയപ്പെടുന്ന എണ്ണമില്ലാത്ത പുരുഷാരം ദൈവസഭയല്ല എന്നുള്ളതിന് ഇതിലധികം തെളിവുകൾ ആവശ്യമില്ലല്ലോ.



ദൈവ സഭ പ്രസ്ഥാനവൽക്കരിക്കപ്പെടുമ്പോൾ..!



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

പെന്തെക്കോസ്ത് സഭകൾക്കുണ്ടായ ഗതിമാറ്റം, മൂല്യച്യുതി എന്നിത്യാതി കാര്യങ്ങളെകുറിച്ച് വളരെ ഗൗരവമുള്ള ചർച്ചകൾ നടക്കുകയാണ്. ഒന്നാം തലമുറ പെന്തെക്കോസ്ത് നേതാക്കന്മാരുടെ നിര്യാണശേഷം ദോഷകരമായ ഒട്ടേറെ ഗതി മാറ്റം പെന്തെക്കോസ്ത് സഭകൾക്ക് സംഭവിച്ചിട്ടുണ്ട്. അവയെല്ലാം വിവരിക്കുവാൻ ഒരു ലേഖനത്തിലൂടെ സാധ്യമല്ല. ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ.

ഒന്നാമത്, പെന്തെക്കോസ്ത് എന്നാൽ ഒരു അനുഭവമാണ്. സഭയുടെ പേരല്ല, സഭയെന്നാൽ രക്ഷിക്കപ്പെട്ടവരുടെ കൂട്ടം ആണ് (അപ്പോ.7:47). രക്ഷിക്കപ്പെട്ടവർ അപ്പോസ്തോലിക ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കയും വേണം. യോവേൽ പ്രവാചകൻ (2:28) പ്രവചിച്ചതും കർത്താവ് വാഗ്ദത്തം ചെയ്തതുമായ പരിശുദ്ധാത്മ സ്നാനം എന്ന അനുഭവം അപ്പോസ്തോല പ്രവൃത്തി രണ്ടാം അധ്യായത്തിൽ നിറവേറി. ആദിമ സഭയിൽ എല്ലാവരും രക്ഷ, സ്നാനം, ആത്മസ്നാനം (അന്യഭാഷ അടയാളത്തോടെ) എന്നീ അനുഭവങ്ങൾ ഉള്ളവരായിരുന്നു. ആദിമ വിശ്വാസികളെ ക്രിസ്ത്യാനികൾ (അപ്പോ. 13:24) എന്നാണ് മറ്റുള്ളവർ വിളിച്ചിരുന്നത്. ഉപദേശ ഐക്യം ഉണ്ടായിരുന്ന സഭ ക്രമേണ ദർശനം നഷ്ടപ്പെട്ട്, ജാതീയ ആചാരാനുഷ്ഠാനങ്ങളിലേക്ക് പോയതും സഭയുടെ അന്ധകാര യുഗവുമെല്ലാം സഭാ ചരിത്രം വായിച്ചിട്ടുള്ളവർക്കറിയാം.

മാർട്ടിൻ ലൂഥറിന്റെ നവീകരണത്തോടെ ക്രമേണ വിശ്വാസത്താലുള്ള നീതീകരണം മുതൽ ഓരോരോ ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളിലേക്ക് സഭ മടങ്ങി വന്നു. 19-ാം നൂറ്റാണ്ടോടെ വചനാനുസരണമുള്ള പെന്തെക്കോസ്ത് അനുഭവങ്ങളിലേക്ക് ജനങ്ങൾ എത്തി തുടങ്ങി. ഉണർവിന്റെ ജ്വാല കേരളത്തിലും കത്തി പടർന്നു. കേരളത്തിലെ പാരമ്പര്യ സഭകളിൽ നിന്നും, വിയോജിത പ്രസ്ഥാനത്തിൽ നിന്നും ജനങ്ങൾ പെന്തെക്കോസ്ത് അനുഭവത്തിലേക്ക് എത്തിയിട്ട് ഒരു നൂറ്റാണ്ടായി. രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, ആത്മസ്നാനം പ്രാപിച്ച വിശുദ്ധന്മാരുടെ കൂട്ടങ്ങളാണ് പെന്തെക്കോസ്ത് സഭകളായി വളർന്നു വന്നത്.

പെന്തെക്കോസ്ത് അനുഭവം (ആത്മസ്നാനം) പ്രാപിച്ചവരും ഈ അനുഭവം ആഗ്രഹിച്ചവരുമായിരുന്നു ആദ്യകാല കേരള പെന്തെക്കോസ്തുകാർ. സുവിശേഷീകരണത്തിനായും പരസ്പര കൂട്ടായ്മയിലൂടെ ദൈവരാജ്യ വിസ്തൃതിക്കുമായാണ് പെന്തെക്കോസ്ത് കൂട്ടായ്മകൾ ചേർന്ന് പ്രസ്ഥാനങ്ങൾ (സംഘടനകൾ) ഉണ്ടാക്കിയത്. പ്രസ്ഥാനവൽക്കരണം സദുദ്ദേശത്തോടെ ആയിരുന്നെങ്കിലും പിൽക്കാലത്ത് സഭയ്ക്ക് (ഇന്നും) ദോഷ ഫലങ്ങൾ വളരെ ഉണ്ടാക്കി.

പ്രസ്ഥാനമുണ്ടാക്കിയവർക്ക് അന്നുണ്ടായിരുന്ന ദർശനവും ഉദ്ദേശ്യ ശുദ്ധിയും പിൻ തലമുറക്കാർക്ക് ഇല്ലാതെ പോയി. സദുദ്ദേശത്തോടെ തുടങ്ങിയ പലതും പിൽക്കാലത്ത് ദോഷമായതിന്റെ ഉത്തമ ഉദാഹരണമാണല്ലോ യെരുശലേം ദൈവാലയത്തിലെ പഴയ വാണിഭ ശാല. വിദൂരതയിൽ നിന്നു വരുന്നവരുടെ സൗകര്യാർത്ഥം യാഗമൃഗത്തെ വാങ്ങുവാൻ ഏർപ്പെടുത്തിയ സംവിധാനമാണല്ലോ പിൽക്കാലത്ത് ആലയത്തിനകത്ത് വാണിഭ ശാലയായത്. രണ്ടു പ്രാവശ്യം കർത്താവ് വാണിഭക്കാരെ പുറത്താക്കിയത് ചരിത്രം.

ഇന്ന് സഭക്കുള്ളിലെ ബിസിനസ് ലോബിക്കെതിരെ പ്രതികരിക്കുന്നവരെ സഭാ വിരുദ്ധരായി ചിത്രീകരിക്കുവാനും ഗുണ്ടായിസവും പണവും ഉപയോഗിച്ച് ഒതുക്കുവാനുള്ള ശ്രമമാണല്ലോ കാണുന്നത്. ആദർശത്തിന്റെയും ഉപദേശത്തിന്റെയും സംരക്ഷകരായി അഭിനയിച്ച പലരും ഇപ്പോൾ ബിസിനസ് ലോബിയുടെ ആനുകൂല്യം പറ്റി അവർക്കൊപ്പം മുന്നണിപ്പോരാളികളായുണ്ട്.

> **സ്നാനപ്പെട്ട തീയതി തിരുത്തിയും, ആത്മ സ്നാനം പ്രാപിച്ചെന്ന് വ്യാജം പറഞ്ഞും സഭയുടെ അധികാരത്തിലെത്തിയവരുടെ കഥകൾ രഹസ്യമല്ലല്ലോ?**

1990 മുതലാണ് പ്രസ്ഥാനങ്ങളിൽ അധികാര വടംവലിയും അഭിപ്രായ വ്യത്യാസങ്ങളും സ്വാർത്ഥ താൽപര്യങ്ങളും വർദ്ധിച്ചുവന്നത്. ഉപദേശ വ്യത്യാസമില്ലാത്ത സഭകൾ തന്നെ പല പ്രസ്ഥാനങ്ങളായി, സംഘടനകളായി നിൽക്കുന്നത് സ്ഥാനമാനങ്ങൾക്കല്ലാതെ ദൈവരാജ്യത്തിന് പ്രയോജനം ഉണ്ടാക്കുന്നില്ലല്ലോ. ഈ ദുരവസ്ഥ പെന്തെക്കോസ്തുകാരേകുറിച്ചുള്ള അവമതിപ്പ് വർദ്ധിപ്പിക്കുന്നു. പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ ഭാരവാഹികൾ അനിവാര്യമാണ്. പരസ്പര സ്നേഹത്തോടെയും വിട്ടുവീഴ്ചാ മനോഭാവത്തോടെയും ധാരണയിലൂടെയും ഒക്കെയായിരുന്നു പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ ഭാരവാഹികളെ തെരഞ്ഞെടുത്തിരുന്നത്. ആദ്യകാല നേതാക്കന്മാരെല്ലാം നിസ്വാർത്ഥരും അവരുടെ പദവികൾ ശുശ്രൂഷക്കുള്ള അവസരം മാത്രമായാണ് കരുതിയിരുന്നത്. ഏതോ അധികാര ശ്രേണിയുള്ള ഉന്നത സ്ഥാനമായി അവർ ഈ പദവികളെ കരുതിയിരുന്നില്ല. എല്ലാവരും കൂട്ടുസഹോദരന്മാരും കൂട്ടുമൂപ്പന്മാരും മാത്രം ആയിരുന്നു. ഒന്നാം തലമുറ പെന്തെക്കോസ്തിലും തർക്കങ്ങളും ഭിന്നതകളും ഉണ്ടായിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെട്ടിട്ടുണ്ട്. അബ്രഹാമും ലോത്തും തമ്മിൽ പിരിയേണ്ടി വന്നിട്ടുണ്ടല്ലോ. ഐപിസിയുടെ ഭിന്നതാ കാലത്തും ചിലരിൽ നിന്നും സഭ്യേതരവും, ലോകക്കാർ ചെയ്യാൻ മടിക്കുന്ന പ്രവൃത്തികളും ഉണ്ടായിട്ടുണ്ട്. എന്നാൽ വിരലിലെണ്ണാവുന്നത്രേ ആളുകളിൽ നിന്നു മാത്രം മാതൃകയല്ലാത്ത ഇത്തരം പ്രവൃത്തികൾ ഉണ്ടായിട്ടുണ്ട്. എല്ലാ അവയവങ്ങളിലേക്കും അർബുദം വ്യാപിച്ചിരുന്നില്ല. എന്നാൽ ഇന്ന് താഴെ തട്ടിൽവരെ അധികാര വടംവലികളും രാഷ്ട്രീയവും വ്യാപിച്ചിരിക്കയാണ്.

സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്ഥാനങ്ങളിൽ ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പുകൾ ഒഴിവാക്കാനാവില്ല. പ്രസ്ഥാനത്തിൽ അംഗത്വം എടുത്തിട്ടുള്ളവർ സ്ഥാനാർത്ഥിയാകുവാൻ പാടില്ലായെന്നോ വോട്ടവകാശം ഉപയോഗിക്കരുതെന്നോ പറയുന്നുവെങ്കിൽ, അവർ പ്രസ്ഥാനത്തിൽ നിന്നും പുറത്തുപോയി സ്വതന്ത്രമായി പ്രവർത്തിക്കണം. തെരഞ്ഞെടുപ്പും വോട്ടിംഗും ഉള്ള പ്രസ്ഥാനങ്ങളിൽ അംഗത്വം എടുത്തിട്ട്, വോട്ടു ചെയ്യുന്നവർ നരകത്തിൽ പോകുമെന്നോക്കെ പറയുന്നവർ അഭിനവ പരീശന്മാരാണ്. അധികാരത്തിന്റെ ഇടനാഴിയിൽ നിൽക്കുന്നവർ പിന്മാറ്റക്കാരാണെന്നു പറയുന്നവർ അധികാരത്തിലെത്തുമ്പോൾ പിന്മാറ്റക്കാരെക്കൊണ്ടു തലയിൽ കൈ വെപ്പിച്ച് അനുഗ്രഹം വാങ്ങണോ? എന്നാൽ ഗതിമാറിയതെങ്ങനെയെന്നും ചിന്തിക്കാം. ലേഖകനും തെരഞ്ഞെടുപ്പിൽ ജയിച്ചിട്ടും തോറ്റിട്ടുമുണ്ട്. ഇനി സ്ഥാനാർത്ഥിയാകത്തില്ലെന്ന് തീരുമാനവും ഇല്ല.

സഭയുടെ ഗതി മാറ്റത്തിന്റെ കാരണം സൂചിപ്പിച്ച് ലേഖനത്തിന്റെ ഒന്നാം ഭാഗം അവസാനിപ്പിക്കാം. പെന്തെക്കോസ്ത് അനുഭവം പ്രാപിച്ചവരുടെ കൂട്ടമാണ് പെന്തെക്കോസതു സഭകളെന്ന് പറഞ്ഞിരുന്നല്ലോ? എന്നാൽ ക്രമേണ, ഈ കൂട്ടായ്മകളിൽ പെന്തെക്കോസ്തുകാർ ന്യൂനപക്ഷമായിരിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ പെന്തെക്കോസ്തു സഭകൾ സ്നാനപ്പെട്ടവരുടെ കൂട്ടങ്ങളാണ്. സ്നാനപ്പെട്ടവരിൽ ഒരു ഭാഗം വീണ്ടും ജനിച്ചവരല്ല.

ഇനിയും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരിൽ തന്നെ നല്ലൊരു ശതമാനം അന്യഭാഷാ ഭാഷണത്തോടെ ആത്മസ്നാനം പ്രാപിച്ചവരുമല്ല. ബ്രദറൻ സഭയ്ക്ക് വളർച്ചയില്ലെങ്കിലും പെന്തെക്കോസ്ത് സഭകളിൽ ബ്രദറുകാർ പെരുകുകയാണ്. സ്നാനപ്പെട്ട് (വീണ്ടും ജനിച്ചും, അല്ലാതെയും) വരിസംഖ്യം അടച്ച് പ്രസ്ഥാനത്തിൽ അംഗത്വം എടുത്തവരെല്ലാം സഭാംഗങ്ങളായി മാറി. ലോക്കൽ സഭകളിൽ ആത്മീകർ കുറഞ്ഞു. ജഡികർ കൂടിയും വരികയാണ്. ഫറവോന്റെ സ്വപ്നത്തിന്റെ മെലിഞ്ഞ പശുക്കൾ പുഷ്ടിയുള്ള പശുക്കളെ വിഴുങ്ങിയതുപോലെ ജഡികന്മാർ എല്ലാം വിഴുങ്ങുകയാണ്. ലോക്കൽ മുതൽ മുകൾ തട്ടുവരെ ഇക്കൂട്ടർ അധികാരവും, ഭരണവും ശുശ്രൂഷകൾ പോലും പിടിച്ചെടുക്കുകയാണ്. സ്നാനപ്പെട്ട തീയതി തിരുത്തിയും, ആത്മസ്നാനം പ്രാപിച്ചെന്ന് വ്യാജം പറഞ്ഞും സഭയുടെ അധികാരത്തിലെത്തിയവരുടെ കഥകൾ രഹസ്യമല്ലല്ലോ?

സഭയ്ക്കു സംഭവിച്ച മറ്റൊരു ദുരവസ്ഥ രാഷ്ട്രീയക്കാരുടെ സഭാ പ്രവേശനമാണ്. രാഷ്ട്രീയ നേതാക്കൾ നമ്മുടെ വേദികളിൽ പ്രത്യക്ഷപ്പെടുന്ന കാര്യമല്ല പറഞ്ഞത്. ദീർഘ വർഷങ്ങൾ രാഷ്ട്രീയത്തിൽ, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ മുതൽ പ്രവർത്തിച്ച ചിലർ മാനസാന്തരപ്പെട്ട് പെന്തെക്കോസ്തു സഭകളിൽ ചേർന്നിട്ടുണ്ട്. ‘അണ്ണാൻ മൂത്താലും മരം കയറ്റം മറക്കത്തില്ലായെന്നു’ പറയുന്നതുപോലെ, ഇക്കൂട്ടർ അവരുടെ രാഷ്ട്രീയ ശൈലി ഉപേക്ഷിച്ചിട്ടില്ല. ആളുകളെ സ്വാധീനിക്കുവാനും കൂടെ നിർത്തുവാനും അടവുനയങ്ങളും അറിയാവുന്ന ഇവർ പെട്ടെന്ന് സഭയിലും പഴയ രാഷ്ട്രീയ ശൈലികൾ ഉപയോഗിച്ച് സ്വാധീനം വർദ്ധിപ്പിച്ച് ഭരണസമിതികളിൽ എത്തിയത് വിപത്തായി.

നാടു നന്നാക്കുകയല്ലല്ലോ രാഷ്ട്രീയക്കാരുടെ ലക്ഷ്യം. അധികാരത്തിലെത്തിക്കഴിഞ്ഞാൽ സ്വന്തം സാമ്രാജ്യം വിസ്തൃതിപ്പെടുത്തി പണവും പ്രശസ്തിയും ലോകക്കാരുടെ ആദരവും നേടുക മാത്രമാണ് ഇവരുടെ ലക്ഷ്യം. പൊതുജനം കഴുതകളെന്നു പറയുന്നതു കേട്ടിട്ടുണ്ട്. അതുകൊണ്ട് രാഷ്ട്രീയക്കാരുടെ സ്വാർത്ഥത മനസിലാക്കാതെ അവരെ പൊക്കിക്കൊണ്ടു നടക്കയും കുട്ടി നേതാക്കന്മാർ ലാഭ വിഹിതം പങ്കിടുകുയും ചെയ്യുന്ന കാഴ്ച സുപരിചിതമാണല്ലോ. ഇതുതന്നെയാണ് ഇന്ന് പെന്തെക്കോസ്തിലും നടക്കുന്നത്. ഈ ദുർഗതിയിൽ നിന്ന് ഒരു ദിശമാറ്റം ഉണ്ടാകുമോ?

PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com



രക്തസാക്ഷികൾ



പാസ്റ്റർ ജേക്കബ് പ്രതീഷ്

(കഴിഞ്ഞ ലക്കം തുടർച്ച)

റോമാ സാമ്രാജ്യത്തിന്റെ ആറാമത്തെ ചക്രവർത്തിയായിരുന്ന നീറോ കൈസറുടെ കാലത്താണ് ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെട്ടത്. അയാൾ ഒരു കുറുക്കനെപ്പോലെ സിംഹാസനം കൈക്കലാക്കുകയും, സിംഹത്തെ പോലെ ഭരിച്ചു നായയെപ്പോലെ മരിച്ചു എന്ന ചരിത്രകാരന്മാർ പറഞ്ഞ വാക്കുകൾ തികച്ചും അർത്ഥവത്തായിരുന്നു.

ആദ്യത്തെ അഞ്ചുവർഷം ഉപദേശക സമിതിയുടെ സഹായത്തോടെ ബുദ്ധിപൂർവ്വം ഭരണം നടത്തിയ നീറോ, അതിനുശേഷം തന്റെ സ്വഭാവം പുറത്തെടുക്കുകയായിരുന്നു. ഒരു രാത്രി റോമാ നഗരത്തിലെ കെട്ടിടങ്ങൾക്കെല്ലാം തീ കൊളുത്തുകയും, തൽസമയം അയാൾ ഗോപുര ശൃംഗത്തിൽ കടന്ന് അയാൾ ട്രോയി ദഹനം എന്ന കവിത ഭാഗം വായിച്ച് വീണ മീട്ടി രസിക്കുകയായിരുന്നു. ആ രാത്രിയിൽ ആയിരക്കണക്കിന് ആളുകൾ അഗ്നിയിൽ അമർന്നു. നഗരത്തിലെ വൻ സൗധങ്ങൾ കത്തിച്ചാമ്പലായി. ഈ ക്രൂര കൃത്യത്തിന്റെ അപരാധം നിർദോഷികളായ ക്രിസ്ത്യാനികളുടെ മേൽ അയാൾ ആരോപിച്ചു സകല ക്രിസ്ത്യാനികളെയും കൊല്ലുവാൻ നീറോ കല്പന പുറപ്പെടുവിച്ചു. അതിനുവേണ്ടി ക്രൂരവും, പൈശാചികമായ അനവധി തന്ത്രങ്ങൾ നീറോ കൈസർ ആവിഷ്കരിച്ചു.

ക്രിസ്ത്യാനികളെ തീയിലേക്ക് വലിച്ചെറിയുക, മൃഗങ്ങളുടെ തോലിൽ കെട്ടി നായ്ക്കളെ കൊണ്ട് കടിപ്പിച്ചു കൊലപ്പെടുത്തുക, ഉരുകിയ മെഴുകിൽ മുക്കിയ ഉടുപ്പുകൾ ധരിപ്പിക്കുക, ചിലരെ തന്റെ ഉദ്യാനത്തിനുള്ള ആക്സിൽ മരങ്ങളിൽ ചേർത്ത് ബന്ധിച്ചു തീകൊളുത്തി പന്തങ്ങളായി ഉപയോഗിച്ചു, ദുഷ്ട മൃഗങ്ങളുടെ മുമ്പിലേക്ക് വലിച്ചെറിഞ്ഞു, ഉരുക്കിയ ഈയം കാതുകളിൽ ഒഴിച്ചു കൊടുത്തു, വൻവൃക്ഷങ്ങൾ ചേർത്തു ബന്ധിച്ച ശേഷം അതിന്റെ മുകളിൽ സുവിശേഷകന്മാരെ തലകീഴായി കെട്ടിയിട്ടു, എന്നിട്ട് മരത്തിന്റെ ബന്ധം വിച്ഛേദിക്കുമ്പോൾ ഭക്തന്മാരുടെ ശരീരങ്ങൾ പറിഞ്ഞു കീറുമായിരുന്നു. ഈ കാഴ്ച നീറോ കൈസർ ആഹ്ലാദത്തോടെ നോക്കി കണ്ടു. മൃഗീയമായി ദൈവജനത്തെ പീഡിപ്പിക്കുമ്പോഴും അവളുടെ മുഖത്ത് നോക്കിയ ലോകം അത്ഭുതപ്പെട്ടുപോയി.

അവരുടെ വദനങ്ങളിൽ നിരാശയുടെ കരിനിഴലല്ല കണ്ടത്, പിന്നെയോ പ്രത്യാശയുടെ പ്രസന്നതയാണ് ലോകം കണ്ടത്. പീഢനത്തിന്റെ കഠിന വേദനയിൽ അവരാരും യേശുവിനെ തള്ളിപ്പറഞ്ഞില്ല. പകരം അരുമ നാഥന്റെ പാദങ്ങളിൽ തങ്ങളുടെ ജീവൻ നൽകുവാൻ ഭാഗ്യം ലഭിച്ചത്തിനു നന്ദി അർപ്പിച്ചുകൊണ്ട് മരണത്തെ സ്വീകരിക്കുകയാണ് ചെയ്തത്. അക്കാലങ്ങളിൽ പൊതുസ്ഥലങ്ങളിൽ കൂടി വന്ന് ആരാധിക്കുവാൻ കഴിയാതിരുന്നതു കൊണ്ട് ദൈവജനം പാറകളുടെ ഗുഹ്യരങ്ങളിലും, ഗുഹകളിലും ഒരുമിച്ചുകൂടി രഹസ്യ ആരാധന നടത്തി. ഈ യോഗങ്ങളിൽ അവർ നേരിട്ട പ്രതിസന്ധികളെക്കുറിച്ച് തമ്മിൽ തമ്മിൽ പറയുകയും ഒരുമിച്ച് ധൈര്യപ്പെടുത്തുകയും ചെയ്തു പോന്നു. ആ രാത്രികളിൽ അവർ കർത്താവിന്റെ അത്താഴം ആചരിച്ച് സ്നേഹ ചുംബനങ്ങൾ നൽകി മാറാ നാഥാ എന്ന് പറഞ്ഞു പിരിഞ്ഞു പോവുകയും ചെയ്യുമായിരുന്നു.

അന്ന് ഓരോ വിശ്വാസിയും ഓരോ മിഷണറിമാരായിരുന്നു. അടിമ സ്ത്രീ യജമാനത്തിയോടും, തടവുകാർ കാവൽക്കാരോടും, വിശ്വാസിയായ ഭാര്യ അവിശ്വാസിയായ ഭർത്താവിനോടും സുവിശേഷം അറിയിച്ചു. രക്ഷയുടെ സന്തോഷം അനുഭവിച്ച അവർ പ്രാണ ഭയമെന്യേ മറ്റുള്ളവരെ സുവിശേഷത്തിലേക്ക് ആകർഷിച്ചു കൊണ്ടിരുന്നു. പീഢയുടെ ആരംഭത്തിൽ തന്നെ പത്രോസ് ശ്ലീഹായും, പൗലോസ് ശ്ലീഹായും രക്തസാക്ഷികളായി മാറി. അപ്പോസ്തലന്മാർ എല്ലാവരും തന്നെ ശിരഛേതം ചെയ്യപ്പെടുകയോ തലകീഴായി ക്രൂശിക്കപ്പെടുകയോ ചെയ്തു. ഈ കഠിനമായ മതപീഢ ക്രിസ്ത്യാനികളെ ക്ഷീണിപ്പിച്ചില്ല. മരണം അവർക്ക് നിത്യ സന്തോഷത്തിലേക്കുള്ള പ്രവേശനമായിരുന്നതിനാൽ അവർ ആനന്ദിക്കുകയാണ് ചെയ്തത്. ആയിരങ്ങൾ പതിനായിരങ്ങൾ ക്രിസ്തുവിനായി രക്തസാക്ഷികളായി തീരുമ്പോൾ സഭാ പിതാവായ തെർത്തുല്യന്റെ വാക്കുകൾ അന്വർത്ഥമായി തീരുകയായിരുന്നു.

നിങ്ങൾ ഞങ്ങളെ എത്രത്തോളം കഷണം കഷണം ആക്കുമോ അത്രയധികം ഞങ്ങൾ വളർന്നുകൊണ്ടിരിക്കും രക്തസാക്ഷികളുടെ രക്തമാണ് ദൈവസഭയുടെ വിത്ത്. ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച ക്രിസ്തീയ രക്തസാക്ഷികളുടെ ചോരയുടെ ചരിത്രം ഇന്നും നിലച്ചിട്ടില്ല. അത് അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ഭക്തരുടെ രക്ത ചരിതം ജനലക്ഷങ്ങളെ കർത്താവിങ്കലേക്ക് അടുപ്പിക്കുവാൻ കാരണമായി, ഭാരതത്തിൽ ഒറീസയിലെ കുഷ്ടരോഗികളുടെ പഴുപ്പ് നിറഞ്ഞ വ്രണങ്ങൾ ഒപ്പിയെടുക്കാൻ വന്ന ഗ്രഹാം സ്റ്റൈയിൻസും മക്കളും, പിന്നെ അങ്ങ് ദൂരെ കന്യാകുമാരിയിൽ മൂന്നു മക്കളുടെ പിതാവും അനുഗ്രഹീത സഭയുടെ ശുശ്രൂഷകനുമായ പാസ്റ്റർ സെൽവ രാജും അതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

1999 ജനുവരി മാസം ഇരുപത്തിരണ്ടാം തീയതി അർദ്ധരാത്രിയിൽ ഗ്രഹാം സ്റ്റെയിൻസും എട്ടു വയസ്സും പത്തു വയസ്സുമുള്ള തിമോത്തിയും ഫിലിപ്പും ചേർന്ന് മനോഹർ പൂരിലുള്ള കുഷ്ഠരോഗികളുടെ ഇടയിലെ പ്രവർത്തനങ്ങൾ കഴിഞ്ഞ് മടങ്ങവേ വാഹനത്തിൽ കിടന്നുറങ്ങുകയായിരുന്നു. രാത്രി ഏകദേശം 12:30 ന് സുവിശേഷ വിരോധികളായ അമ്പതോളം ആളുകൾ ചേർന്ന് പെട്രോൾ ഒഴിച്ച് വാഹനത്തിന് തീ കൊളുത്തി. തീ ആളിപ്പടർന്നപ്പോൾ തന്റെ പിഞ്ചോമനകളുമായി ജീപ്പിൽ നിന്ന് പുറത്തേക്ക് ചാടുവാൻ ശ്രമിച്ച ഗ്രഹാം സ്റ്റെയിൻസിനെ ആ നരാധമന്മാർ കുന്തം കൊണ്ട് തള്ളി അകത്തേക്ക് കുത്തിയിട്ടു. കുഞ്ഞുങ്ങളെ തന്റെ കര വലയത്തിനുള്ളിൽ ആക്കി ആ പിതാവ് മാറോടു ചേർത്തു കെട്ടിപ്പിടിച്ചു. തീ ആളിപ്പടർന്നു. ജീപ്പിൽ നിന്ന് ഉയർന്നു കേട്ട നിലവിളി നിമിഷങ്ങൾക്കുള്ളിൽ നേർത്ത ഞരക്കമായി മാറി. ഗ്രഹാം സ്റ്റെയിൻസും കുഞ്ഞുങ്ങളും മരണമില്ലാത്ത നാട്ടിലേക്ക് പോയി മറഞ്ഞു. ആ ആൾരൂപങ്ങൾ ഭാരത സുവിശേഷീകരണത്തിനായി കത്തിച്ചാമ്പലായി.

സുവിശേഷത്തിന് നേരെയുള്ള പകയുടെ അഗ്നിക്കു മുമ്പിൽ അവരെ പതറാതെ നിർത്തിയ ഘടകമേതാണ് പ്രിയരേ? ഉത്തരം ലളിതമാണ്. കാൽവറി ക്രൂശിൽ കഷ്ടം സഹിച്ച് തന്റെ ജീവൻ നമുക്കായി നൽകിയ യേശുവിനോടുള്ള സ്നേഹത്തിന്റെ പ്രതികരണമാണത്. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ ഉപദ്രവിക്കയും കൊല്ലുകയും ചെയ്യും എന്ന യേശുനാഥൻ മുന്നുരച്ചതുപോലെ യേശുവിന്റെ കാൽച്ചുവടുകളെ പിൻഗമിച്ചവർ കഠിനപീഡകളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. സത്യസഭയുടെ വളർച്ചയ്ക്ക് അനേകർ രക്തം ഒഴിച്ച് നൽകി. സത്യത്തിനായി നിവരെ നിൽക്കുന്നവർ ഇന്നും രക്തസാക്ഷികൾ ആകുന്നുണ്ട്. ഒരു പക്ഷെ ശിരസ് ചേദിക്കപ്പെട്ടില്ലെങ്കിലും വാൾ കൊണ്ട് വെട്ടേറ്റില്ലെങ്കിലും ദിവസേന മരിച്ച് ജീവിക്കുന്ന ഭക്തന്മാർ ഏറെയുണ്ട്. അവരാണ് ദൈവസഭയുടെ അന്തസ്സ് കാത്തു സൂക്ഷിക്കുന്നത്. അവരുടെ ഭക്തിപൂർണ്ണമായ ജീവനവും പ്രാർത്ഥനയും പാപത്തിൽ ജീവിക്കുന്ന ജനകോടികൾ രക്ഷപ്പെടേണ്ടതിനു വേണ്ടിയാണ്.

തങ്ങൾക്കായിട്ടല്ല, ക്രിസ്തുവിനായിട്ടാണ് അവർ ജീവിക്കുന്നത്. ആലയത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല അവരുടെ ആത്മദാഹം, ഒരു പ്രസംഗത്തിൽ തീരുന്നതുമല്ല അവരുടെ സുവിശേഷ ദർശനം. സമൂഹത്തിന്റെ നാനാ തുറകളിലേക്ക് അത് ഒഴുകി ഇറങ്ങുകയാണ്...

തങ്ങൾക്കായിട്ടല്ല, ക്രിസ്തുവിനായിട്ടാണ് അവർ ജീവിക്കുന്നത്. ആലയത്തിന്റെ നാല് ചുവരകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല അവരുടെ ആത്മദാഹം, ഒരു പ്രസംഗത്തിൽ തീരുന്നതുമല്ല അവരുടെ സുവിശേഷ ദർശനം. സമൂഹത്തിന്റെ നാനാ തുറകളിലേക്ക് അത് ഒഴുകി ഇറങ്ങുകയാണ്. ഏതൊരു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവൻ ആക്കുവാൻ വീട് തോറും, പരസ്യമായും, ക്രിസ്തുവിനെ സാക്ഷിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു ന്യൂനപക്ഷം. അവർ ലോകത്തിനു മുമ്പിൽ കൂത്തുകാഴ്ചയാണ്. എന്നാൽ ആ നിന്ദ ക്രിസ്തുവിൽ വലിയ ധനമെന്നു എണ്ണുവാൻ ആർജ്ജവം കാണിക്കുന്ന ദൈവത്തിന്റെ ശ്രേഷ്ഠജനം. സഭാ സൗധത്തിന്റെ കെട്ടുപണിയിൽ അവർ ഭാഗമായിമാറി. കാലാകാലങ്ങളായി വിശ്വാസ ജീവിതത്തിന് നേരെ ആഞ്ഞടിച്ച കൊടുങ്കാറ്റുകൾ നേരിട്ടുകൊണ്ട് യേശുവിന്റെ മഹത്വവാഴ്ചയുടെ പ്രത്യാശയാൽ മരണപര്യന്തം വിശ്വസ്തരായി ഉറച്ചുനിന്ന വിശ്വാസവീരന്മാരെ പോലെ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമുക്കും കർത്താവിനായി എഴുന്നേൽക്കാം. തേജസ്സേറിയ ഒരു ഭാഗം നമുക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട് പ്രിയരേ.

കാല ലക്ഷണങ്ങൾ അതിന്റെ പ്രഖ്യാപനങ്ങൾ ഇടയ്ക്കിടയ്ക്ക് നടത്തിക്കൊണ്ടിരിക്കുന്നു. വരിക, നമുക്ക് തലകളെ ഉയർത്താം തലമുറകളെ കർത്താവിനായി നൽകാം. പ്രാർത്ഥനയിൽ പോരാടാം. വിശുദ്ധരോടൊപ്പം നമുക്കും ഏറ്റുപാടാം. ഇറങ്ങട്ടെ ഒരു തലമുറ കർത്താവിനായി. വെടിയട്ടെ ലോകസുഖങ്ങൾ ക്രൂശിൻ മുമ്പിൽ. ഉയരട്ടെ തലകൾ സുവിശേഷ ദൗത്യത്തിനായി. ശ്രമിക്കല്ലേ ഉപദ്രവത്തിൻ മുന്നിൽ. തകരല്ലേ ശത്രുവിൻ സ്വരത്തിൽ മുന്നിൽ. വേഗത്തിലാകട്ടെ കാൽച്ചുവടുകൾ. പായുക സുവിശേഷ ദാഹവുമായി. കാണുന്നില്ലേ ആദിവ്യ പുരുഷനെ നിൻ മുന്നിൽ



നീരുറവകൾ

അപ്പൊസ്തല പ്രവൃത്തികൾ

മിഷൻ ധ്യാന ചിന്തകൾ

ഗ്രന്ഥകർത്താവ്

കുര്യാച്ചൻ ഫിലിപ്പ്

ക്രിസ്ത്യൻ മിഷന്റെ ധ്യാന ചിന്തകളുടെ കൈപുസ്തകമാണിത്. അപ്പൊസ്തലപ്രവൃത്തികളിൽ നിന്നും ഉള്ള മുപ്പത് ധ്യാനചിന്തകളാണ് ഇതിൽ ഉള്ളടക്കം. വായനക്കാരെ ക്രിസ്തുവിനോടും സുവിശേഷ ദൗത്യത്തോടും അടുപ്പിക്കുന്ന 30 അധ്യായങ്ങളുടെയും ആരംഭത്തിൽ ശ്രദ്ധേയരായ വേദ ചിന്തകന്മാരുടെ അഭിപ്രായങ്ങളും അവസാനഭാഗം ചിന്തകളെ പ്രകാശിപ്പിക്കുന്ന ചോദ്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

ക്രൈസ്തവ സഭയുടെ ചരിത്രത്തിന്റെ ആദ്യ ഏടുകളാണ് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം. അത് ക്രിസ്ത്യൻ മിഷന്റെ അമൂല്യരേഖയാണ്. അതിൽനിന്നും ചികഞ്ഞെടുത്ത വേദചിന്തയിലൂടെ ആധുനികലോകത്തോട് ശക്തമായി സംസാരിക്കുകയാണ് പാസ്റ്റർ കുര്യാച്ചൻ ഫിലിപ്പ്. അദ്ദേഹത്തിന്റെ തീവ്രമായ അക്കാഡമിക് പഠനത്തിന്റെയും ദീർഘകാലത്തെ അധ്യാപനത്തിന്റെയും ഇടയശുശ്രൂഷയിലെ അനുഭവ സമ്പത്തിന്റെയും തിളക്കമാർന്ന പ്രകാശനം ഈ പുസ്തകത്തിലുണ്ട്.
റവ. ഡോ. ഷാജി ഡാനിയേൽ, ഹൂസ്റ്റൺ

media mission
Kuttappuzha P.O., Thiruvalla 689 103

പേജ് 134

കോപ്പികൾക്ക്
കാനഡയിൽ
kuriyachanvp@yahoo.com
Ph. +1 403 402 2413
ഇന്ത്യയിൽ
94473 58997
(Whatsapp)

ബഥേൽ ബൈബിൾ കോളേജിലെ പുതിയ അധ്യയന വർഷം ആരംഭിച്ചു

പുനലൂർ: ബഥേൽ ബൈബിൾ കോളേജിന്റെ 2025–26 അധ്യയന വർഷം ജൂൺ 24 ന് ആരംഭിച്ചു. അമേരിക്കൻ ഐക്യനാടുകൾക്ക് പുറത്ത് അസംബ്ലിസ് ഓഫ് ഗോഡ് സഭ ആരംഭിച്ച ആദ്യത്തെ ബൈബിൾ കോളേജ് ഇപ്പോൾ 99–ാ മത്തെ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു.

പുതിയ അധ്യയന വർഷം കോളേജിന്റെ ബോർഡ് ചെയർമാനും അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടുമായ റവ. റ്റി.ജെ. സാമുവൽ ഉദ്ഘാടനം ചെയ്തു. അന്ധകാരത്തിന്റെ ലോകത്തിൽ വെളിച്ചം നൽകുവാനുള്ള ക്രിസ്തു ശിഷ്യന്റെ ദൗത്യത്തെപ്പറ്റി അദ്ദേഹം ബോധ്യപ്പെടുത്തി. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജെയിംസ് ജോർജ് വെണ്മണി അധ്യക്ഷത വഹിച്ചു. റവ. ഡോ. ഐസക്ക് വി. മാത്യു, പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റ് റവ. റ്റി.വി. തങ്കച്ചൻ, റവ. ഷോജി കോശി എന്നിവർ ആശംസകൾ അറിയിച്ചു. കോളജ് പ്രസിഡന്റ് റവ. ഡോ. ഐസക് വി. ചെറിയാന്റെ സന്ദേശം റവ. ഫിന്നി ജോർജ് അറിയിച്ചു.

പാസ്റ്റർ സാം പി. മാത്യു പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. റവ. ഡി. മാത്യൂസ് സങ്കീർത്തനം വായിച്ചു. റവ. ഡോ. ജോൺസൺ ജി. സാമുവൽ കോഴ്സുകളും, റവ. ഡോ. ഫിലിപ്പ് പി. സാം വിദ്യാർത്ഥികളെയും പരിചയപ്പെടുത്തി. റവ. ഡോ. സാം വർഗീസ് കൃതജ്ഞത അറിയിച്ചു. പാസ്റ്റർ ഐജു വി. കുര്യാക്കോസ് സമാപന പ്രാർത്ഥനയും പാസ്റ്റർ ബിജു ദാനം ആശിർവാദവും പറഞ്ഞു. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഈ അധ്യയന വർഷം ബഥേലിൽ പഠിക്കുന്നു.

വുമൺസ് ഫെല്ലോഷിപ്പ് ഭാരവാഹികൾ

നിലമ്പൂർ: ഐപിസി നിലമ്പൂർ സൗത്ത് സെന്റർ വുമൺസ് ഫെല്ലോഷിപ്പ് ഭാരവാഹികളെ തെരഞ്ഞെടുത്തു. ജൂൺ 25ന് നിലമ്പൂർ ടൗൺ ചർച്ചിൽ നടന്ന ജനറൽബോഡി മീറ്റിംഗിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷത വഹിച്ചു. ഭാരവാഹികളായി സാറാമ്മ ജോർജ് (രക്ഷാധികാരി), സൗമിനി സജി (പ്രസിഡന്റ്), ബ്ലെസ് ബിനോയ് (വൈസ് പ്രസിഡന്റ്), വിനീത ജോർജ് (സെക്രട്ടറി), മിനി ബിജുമോൻ (ജോയിന്റ് സെക്രട്ടറി), ഓമന സജി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

ചർച്ച് ഓഫ് ഗോഡ് ഖത്തർ റീജിയൻ രൂപീകരിച്ചു

ദോഹ: ഖത്തറിലെ അഞ്ച് പ്രാദേശിക ചർച്ച് ഓഫ് ഗോഡ് സഭകൾ ഒത്തുചേർന്ന് 'ചർച്ചസ് ഓഫ് ചർച്ച് ഓഫ് ഗോഡ് ഇൻ ഖത്തർ'എന്ന പേരിൽ ഖത്തർ റീജിയൻ രൂപീകരിച്ചു. ചർച്ച് ഓഫ് ഗോഡ് ഗൾഫ് റീജിയൻ സൂപ്രണ്ട് ഡോ.സുശീൽ മാത്യുവിന്റെ അധ്യക്ഷതയിൽ ജൂൺ 19നാണ് പുതിയ റീജിയൻ രൂപീകൃതമായത്.

പാസ്റ്റർ സാം ടി ജോർജ് (നാഷണൽ ഓവർസിയർ), പാസ്റ്റർ. ജോസ് ബേബി (നാഷണൽ സെക്രട്ടറി), പാസ്റ്റർ സജി തോമസ് (നാഷണൽ ട്രഷറർ), പാസ്റ്റർ സ്റ്റാൻലി ജോൺ (വിദ്യാഭ്യാസ ഡയറക്ടർ), പാസ്റ്റർ അജേഷ് കുര്യാക്കോസ് (മിഷൻ/യൂത്ത് ഡയറക്ടർ), പാസ്റ്റർ ജിബു എബ്രഹാം (പ്രയർ കോർഡിനേറ്റർ), പാസ്റ്റർ ആൽബർട്ട് ചെറിയാൻ (സൺഡേ സ്കൂൾ കോർഡിനേറ്റർ), പാസ്റ്റർ സുബിൻ മാത്യു (മീഡിയ കോർഡിനേറ്റർ),പാസ്റ്റർ അരിസ് ജോൺ (പ്രയർ കൺവീനർ) എന്നിവരാണ് ഭാരവാഹികൾ. റീജിയന്റെ നിയന്ത്രണത്തിൽ വേദശാസ്ത്ര പഠനത്തിനായി എ.ടി.എ അംഗീകാരമുള്ള ഒരു തിയോളജിക്കൽ സെമിനാരിയും ഡോക്ടർ സുശീൽ മാത്യു ഉദ്ഘാടനം ചെയ്തു.

വരിസംഖ്യയും മേൽവിലാസവും പുതുക്കുക

The Editor, Sworgeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor691 523
Sworgeeyadwoni, A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew

വിദ്യാഭ്യാസ സഹായം

കുവൈറ്റ്: ഐപിസി പിസികെ പിവൈപിഎ വിദ്യാഭ്യാസ സഹായത്തിനു അപേക്ഷ ക്ഷണിച്ചു. ഈ വർഷം പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ സമർഥർ ആയിരിക്കുന്നവർക്കാണ് മുൻഗണന. അപേക്ഷയോടൊപ്പം പ്ലസ് ടുവിന്റെ മാർക്ക് ലിസ്റ്റ്, ലോക്കൽ പാസ്റ്ററുടെയും സെന്റർ പാസ്റ്ററുടെയും ശുപാർശ കത്തുകൾ എന്നിവ ഉണ്ടായിരിക്കണം. അപേക്ഷകൾ നൽകേണ്ട അവസാന തീയതി ജൂലൈ 24.

യുവജന സമ്മേളനം

വയനാട് : മലബാർ ഡിസ്ട്രിക്ട് ക്രൈസ്റ്റ് അംബാസിഡഴ്സിന്റെ (സി.ഏ) ആഭിമുഖ്യത്തിൽ സെപ്റ്റംബർ 4 മുതൽ 6 വരെ ബത്തേരി സെന്റ് ജോസഫ് സ്കൂൾ ഓഡിറ്റോറിയത്തിൽ യുവജന സമ്മേളനം നടക്കും. ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. ഡോ. വി.ടി. എബ്രഹാം ഉത്ഘാടനം ചെയ്യും. ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മറ്റിയും ഡിസ്ട്രിക്ട് സി.ഏ കമ്മറ്റിയും വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. റവ. ജോ തോമസ്, പാസ്റ്റർ റോയ് മാത്യു, പാസ്റ്റർ ജിഫി യോഹന്നാൻ, പാസ്റ്റർ ലിൻസൺ സാമുവേൽ എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ എടുക്കും. ആൻസൺ ഏലിയാസിന്റെ നേതൃത്വത്തിലുള്ള ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും. ഓൺലൈൻ വഴി മാത്രമാണ് രജിസ്ട്രേഷൻ സൗകര്യം ഉള്ളത്.

പാസ്റ്റർമാരായ മെജോഷ് മത്തായി, പീറ്റർ കെ.ആർ, ജിജോ കെ. ഏലിയാസ് എന്നിവർ ഡിസ്ട്രിക്ട് സി.എ കമ്മിറ്റിയ്ക്ക് നേതൃത്വം നൽകുന്നു.

സ്വർഗീയധ്വനി പത്രത്തിൽ

വിവാഹ പരസ്യത്തിന്
750
രൂപ മാത്രം
ബന്ധപ്പെടുക.

9447593865

MATRIMONIAL

Syrian Christian Pentecostal parents invite proposals for their daughter (27/DOB 23.07.1998 /157cm)BTech, born again, baptised, s pirit filled currently working in a reputed firm in Kuwait. Seeking suitable proposals of born again, God fearing and professionaly qualified Pentecostal boys. Mobile & Whatsapp : 00965 98833139/ 00965 66139849

സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (27/170 സെ.മി) B.com, MBA, ഇരുനിറം, സൗദിഅറേബ്യയിലെ പ്രമുഖ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല ആത്മിയ നിലവാരം പുലർത്തുന്നതും പ്രൊഫഷൽ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ 9447594176 Whatsapp +966 558145854

Kerala based Syrian Christain Pentecostal parents invite proposal for their daughter who is born and brought up in Bikaner, Rajasthan. Age (31), dob 13.07.1993, 152cm Height, B.A.LL.B, LL.M (International Comercial Finance and Banking Law, University of Birmingham,UK) practicing in the Honourable Supreme Court of India and High Court, New Delhi.Phone 9605432822, 9783965293

Syrian Christian missionary parents invite proposals for their son (27/B.Com, MBA from Canada, US B1, B2 visa holder) born and brought in North India, working as Hosptality Manager in Canada. Seeking alliance from parents of Pentecostal families for a God-fearing, Born again, Sprit filled and professionaly wualified young woman who is born again, Holy Spirit-filled, and dedicated to a life of faith and ministry. Contact Phone: +91 9650082916

Pentecostal Girl in Mumbai / MSc Nursing / Australia RN Syrian Christian Pentecostal parents inviting proposal for their daughter (30 yrs / Nov 1994 / 156 cm) born again,. baptized and spirit filled. She is brought up and studied in Mumbai (MSc Nursing & working Australia RN). Prayerfully seeking alliance from parents of God fearing, Spirit filled, proffesionally qualified, Non Ornament wearing, interested in Gospel work with secular job, preferably born and brought up outside Kerala. Interested Parents please cobtact us @ Mobile & Whatsapp : 00965 98833139/ 00965 66139849

ബിസിപിഎ ലേഖന മത്സരം എൻട്രികൾ ക്ഷണിക്കുന്നു

ബെംഗളൂരു : കർണാടകയിലെ ക്രൈസ്തവ മാധ്യമ പ്രവർത്തകരുടെ സംഘടനയായ ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ (ബിസിപിഎ) ലേഖനമത്സരത്തിന്എൻട്രികൾക്ഷണിക്കുന്നു. വിഷയം:സുവിശേഷീകരണ രംഗത്ത് സമകാലിക മാറ്റങ്ങൾ. Theme: Evangelism in Transition: Contemporary Developments and Challenges.

നിബന്ധനകൾ: 1. ഇന്ത്യയിലും വിദേശത്തുമുള്ളവർക്കുസഭാവ്യത്യാസം ഇല്ലാതെ പങ്കെടുക്കാം. 2. പ്രായ പരിധിയില്ല. 3. മലയാളത്തിലോ, ഇംഗ്ലീഷിലോ എഴുതാം. 4. മുൻപ് പ്രസിദ്ധീകരിച്ച സാഹിത്യ സൃഷ്ടികൾ പാടില്ല. 5 ലേഖനങ്ങൾ രണ്ട് പേജിൽ കുറയാതെ ടൈപ്പ് ചെയ്ത് അയക്കണം. 6. രചനകൾ PDF ഫോർമാറ്റിൽഒറ്റ ഫയൽ ആക്കി അറ്റാച്ച് ചെയ്തു bcpanews2020@gmail.com എന്ന വിലാസത്തിൽ അയക്കുക. 7. മത്സരത്തിന് തന്നിരിക്കുന്ന വിഷയത്തിൽ നിന്ന് കൊണ്ട് ആയിരിക്കണം ലേഖനം എഴുതേണ്ടത്. തലക്കെട്ടു ഓരോരുത്തർക്കും ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം.8.രചനകൾഅയക്കേണ്ട അവസാന തീയതി ജൂലൈ 31, 2025 9. ലേഖനങ്ങൾ ഇമെയിൽ ചെയ്യുമ്പോൾരചയിതാവിന്റെ പേരും, അഡ്രസും, ഫോൺ നമ്പറും, പാസ്സ്പോർട്ട് സൈസ് ഫോട്ടോയും വ്യത്യസ്ത ഫയൽ അയക്കണം. 10. വിജയികൾക്ക് 2025 ആഗസ്റ്റിൽനടക്കുന്ന ബിസിപിഎ വാർഷിക സമ്മേളനത്തിൽഫലകവുംക്യാഷ് അവാർഡും നൽകും.11. ലേഖനത്തിൽ ഉപശീർഷകങ്ങൾ (Subtitles) ഒഴിവാക്കാൻ ദയവായി ശ്രമിക്കുക. കൃതിമബുദ്ധി (artificial Intelligence) ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.12. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

ലഹരി വിരുദ്ധ ജാഗ്രതാ പ്രചരണം സമാപിച്ചു

കുമ്പനാട്: സംസ്ഥാന പി.വൈ.പി. എ യുടെ നേതൃത്വത്തിൽ ദി ബൈബിൾ വേർഡ്സ്-ന്റെ സഹകരണത്തിൽ നടത്തി വന്ന 100-ദിവസത്തെ ലഹരി വിരുദ്ധ ജാഗ്രതാ പ്രചരണത്തിനു അനുഗ്രഹ സമാപ്തി. ക്യാമ്പയിന്റെ സമാപനത്തിനോടനുബന്ധിച്ച്, ദി ബൈബിൾ വേർഡ്സിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പുതിയ ട്രാക്ട് പ്രസിദ്ധീകരിച്ചു.

മലയാളം-ഇംഗ്ലീഷ് ബോധവൽക്കരണ സന്ദേശങ്ങളിലൂടെയും ബൈബിൾ അധിഷ്ഠിത ആത്മീയ സന്ദേശങ്ങളിലൂടെയും ഈ ദൗത്യപരിപാടി നിരവധി വിദ്യാർത്ഥികളെയും യുവതി യുവാക്കളെയും ലഹരിമുക്ത ജീവിതത്തിലേക്ക് നയിക്കാൻ ശക്തമായ സ്വാധീനം ചെലുത്തി.

മാർച്ച് 23-ന് ''സ്വാതന്ത്ര്യം ലഹരിയിൽ അല്ല, അതിൽ നിന്ന് മോചിതരാകുന്നതിലാണ്'' എന്ന ശക്തമായ സന്ദേശത്തോടെ ആരംഭിച്ച ഈ കാമ്പയിനിൽ, ലഹരിയുടെ വഞ്ചനയും നാശഫലങ്ങളും തുറന്നുകാട്ടുന്ന 100 വ്യത്യസ്തമായ സന്ദേശങ്ങൾ പ്രചരിപ്പിച്ചു.

ദി ബൈബിൾ വേർഡ്സിന്റെ നേതൃത്വത്തിൽ പിവൈപഎയുമായി സഹകരിച്ചു തയ്യാറാക്കിയ ലഘുലേഖ പാസ്റ്റർ ഐപിസി ഡൽഹി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ഷാജി ഡാനിയേൽ ഡൽഹി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജിന് നൽകി പ്രകാശനം ചെയ്തു. ബോധവത്കരണത്തിനും പരസ്യയോഗങ്ങൾക്കും അനുയോജ്യമായ വിധത്തിൽ, ഇൻസ്റ്റാഗ്രാം പോസ്റ്ററിന്റെ രൂപത്തിലാണ് ഇത് ഡിസൈൻ ചെയ്തിരിക്കുന്നത്.

പുതിയ തലമുറയെ ആകർഷിക്കാൻ, ഇമോജികളും ആധുനിക വാചകശൈലികളും ഉൾപ്പെടുത്തി ആകർഷകമായിട്ടാണ് ട്രാക്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കേരളത്തിലെ സഭാ യുവജന സംഘടനകളുടെ ചരിത്രത്തിൽ ഇത്രയും വിപുലമായ രീതിയിൽ നടത്തപ്പെട്ട ക്യാമ്പയിൻ ഉണ്ടായിട്ടില്ല. ദി ബൈബിൾ വേർഡ്സിന്റെ ഭാരവാഹികളായ ബ്രദർ രഞ്ജിത് ക്രൗൺ, ബ്രദർ സിബിൻ കെ. രാജൻ എന്നിവർ മീഡിയ ക്യാമ്പയിന് കേരള സ്റ്റേറ്റ് പിവൈപിഎ യുമായി ചേർന്ന് നേതൃത്വം നൽകി.

ഡോക്ടറേറ്റ് ലഭിച്ചു

കറ്റാനം: പാസ്റ്ററൽ കൗൺസിലിങ്ങിൽ സെനറ്റ് ഓഫ് സെറാംമ്പൂർ കോളേജ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടി റിൻ ജോൺ. മോറിയ തിയോളജിക്കൽ സെമിനാരി യുകെയുടെ പ്രിൻസിപ്പാൾ ആണ്. ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി മണക്കാലയിലെ അധ്യാപകനായിരുന്നു. കറ്റാനം ഭരണിക്കാവ് പാസ്റ്റർ ജോൺ ഫിലിപ്പിന്റെയും റോസമ്മയുടെയും മകൻ. ഭാര്യ പ്രിൻസി കായംകുളം മുളവന കുടുംബാംഗം.

കുളത്തൂപ്പുഴ: അസംബ്ലീസ് ഓഫ് ഗോഡ് കുളത്തൂപ്പുഴ സഭാംഗം മുല്ലശ്ശേരിയിൽ മാത്യു ജോണിന്റെയും റോസമ്മ മാത്യുവിന്റെയും മകൾ റിസ്സാ മാത്യുവിനു ഡോക്ടറേറ്റ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും, അഗ്രികൾച്ചർ എക്സ്റ്റൻഷൻ എഡ്യൂക്കേഷനിലാണ് ഡോ. റിസ്സാ മാത്യു ഡോക്ടറേറ്റ് കരസ്ഥമാക്കിയത്.

ADMISSION STARTED

NURSING & PARAMEDICAL COURSES

- *B.Sc Nursing under NRI & Community Quota*
- *Diploma in General Nursing & Midwifery*

Eligiblility Pass +2 PCB (+2 any group Eligible for General Nursing)

PARAMEDICAL COURSES

- **B.Voc Degree :** Medical Laboratory Technician, Radiology & Imaging Technology, Dialysis Technology
  Eligiblility : +2 Pass any group
- **University Diploma:** Medical Laboratory Technician, Radiology & Imaging Technician, Dialysis Technician,
  Duration : 2 Year, Eligiblility : +2 Pass any group
- **NCVRT Diploma :** Medical Laboratory Technician, Radiology & Imaging Technician, Dialysis Technician,
  Duration : 2 Year Eligiblility : 10th Pass

CERTIFICATE COURSES

Hospital Administration, Home Nursing, Palliative, Geriatic Nursing.

Duration : 1 Year Eligiblility : 10th Pass

Diploma in Health Inspector (State Govt. Approved)

Duration : 2 Year Eligiblility : +2 PCB Pass

പ്രത്യേകതകൾ

പഠനത്തോടൊപ്പം പരിശീലനം, അർഹരായവർക്ക് പ്രത്യേക ഫീസ് ഇളവുകൾ, വിശ്വാസികൾക്ക് മുൻഗണന, പെൺകുട്ടികൾക്ക് ആവശ്യം ഉള്ള പക്ഷം ഹോസ്റ്റൽ സൗകര്യം, അന്യസംസ്ഥാനങ്ങളിൽ പോകാതെ ഇവിടെ പഠിക്കുവാനുള്ള സൗകര്യം, ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും ആരോഗ്യരംഗത്ത് വളരെ എളുപ്പം ഒരു നല്ല ജോലി.

അന്വേഷണത്തിനും അഡ്മിഷനും ബന്ധപ്പെടുക

Director of Admission
Josco Multi Speciality Hospital
Josco Junction, Pandalam
Tel: 0479-2374870, 2374982, 2374687, Mob:9544460920

വേർപാടുകൾ

പാസ്റ്റർ കെ.എസ്. ഉമ്മൻ ലെജു

തിരുവല്ല: ആഞ്ഞിലിത്താനം കൊച്ചിയിൽ ഇളയിടത്ത് ഹെബ്രോനിൽ പാസ്റ്റർ കെ.എസ്. ഉമ്മൻ ലെജു (51) നിര്യാതനായി. സംസ്കാരം ആഞ്ഞിലിത്താനം ഐപിസി പെനിയേൽ ചർച്ചിൽ നടക്കുന്ന ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ നടത്തി. കുവൈത്ത് മിഡിൽ ഈസ്റ്റ് ചർച്ച് ചർച്ച് ഓഫ് ഗോഡിലെ സഭാ ശുശ്രൂഷകനും ടിആർസി കമ്പനി (കുവൈത്ത്) ഉദ്യോഗസ്ഥനുമായിരുന്നു.

പാസ്റ്റർ എം.എസ്. മത്തായി



ന്യൂയോർക്ക്: അസംബ്ലി ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ റവ. എം.എസ്. മത്തായി (89) ന്യൂയോർക്കിൽ നിര്യാതനായി. പുനലൂർ ബഥേൽ ബൈബിൾ കോളേജ് മുൻ ഫാക്കൽറ്റി മെമ്പറും ന്യൂയോർക്കിലെ യോങ്കേഴ്സ് ഇന്ത്യൻ അസംബ്ലി ഓഫ് ഗോഡിന്റെ സ്ഥാപകനുമായിരുന്നു. സംസ്ക്കാരം ജൂലൈ 5 നുനടത്തി. ഭാര്യ: മേഴ്സി മത്തായി. മക്കൾ: ബെറ്റ്സി, ജെറ്റ്സി, ജസ്റ്റിൻ. മരുമക്കൾ: ജോജി, പ്രസാദ്, മിനി.

ജോൺ മാത്യു

തിരുവല്ല: തെള്ളിയൂർ പുല്ലാട് ചിറപുറത്ത് വീട്ടിൽ ജോൺ മാത്യു (ജോണി-73) ഡാളസിൽ നിര്യാതനായി. കരോൾട്ടൺ ബിലിവേഴ്സ് ബൈബിൾ ചാപ്പൽ സഭാംഗമായിരുന്നു.

സംസ്കാര ശുശ്രൂഷകൾ ജൂലൈ 5 ശനിയാഴ്ച രാവിലെ 9 ന് മാർത്തോമാ ഇവന്റ് സെന്ററിൽ ആരംഭിച്ച് കോപ്പലിലുള്ള റോളിംഗ് ഓക്സ് സെമിത്തേരിയിൽ ഭൗതിക ശരീരം സംസ്കരിക്കും. ഭാര്യ: തടിയൂർ കാര്യാലിൽ ആനി മാത്യു. മക്കൾ: ബെൻ മാത്യു, സ്റ്റാൻ മാത്യു. മരുമക്കൾ: ജൂലി, ക്രിസ്റ്റീൻ.

ജോസഫ് വർഗീസ്

വാടോദര: പ്രാർത്ഥനക്കു ആലയത്തിലേക്ക് പോകുന്നവഴിയിൽ ഓട്ടോറിക്ഷ ഇടിച്ചുണ്ടായ അപകടത്തിൽ കണിച്ചികുളം തെക്കേക്കുറ്റ് കുടുംബാംഗം ജോസഫ് വർഗീസ് (75) മരണമടഞ്ഞു.

സംസ്കാരം ജൂലൈ 2 ന് ഐപിസി തർസാലി സഭയുടെ നേതൃത്വത്തിൽ സഭ സെമിത്തേരിയിൽ നടന്നു. ഭാര്യ: ലിലിക്കുട്ടി ജോസഫ്. മക്കൾ: ബിബിൻ, ബിൽന. മരുമക്കൾ: ജിനി, ഷിബു.

റോയ്

കൊട്ടാരക്കര: തൃക്കണ്ണമംഗൽ മലങ്കര സഭാംഗം പടിഞ്ഞാറേവിളയിൽ റോയ് (47) നിര്യാതനായി. സംസ്കാരം ജൂൺ 28 നു നാളെ രാവിലെ 9 ന് മലങ്കര ദൈവസഭ ഹാളിലെ ശുശ്രുഷക്ക് ശേഷം 12 ന് സഭ സെമിത്തേരിയിൽ നടത്തി. ഭാര്യ: തൃക്കണ്ണമംഗൽ വെട്ടിക്കൽ രഞ്ജിത് ഭവനിൽ കെസിയ റോയ്. മക്കൾ: റിബിൻ, റിയ.

ചിന്നമ്മ തോമസ്

ആറക്കോണം: ചെന്നൈ ആറക്കോണം പ്രദേശത്തെ ആദ്യകാല മലയാളി പെന്തെക്കോസ്ത് വിശ്വാസിനിയും, വിശുദ്ധതിരുവചനത്തിന്റെ വക്താവുമായിരുന്ന ചിന്നമ്മ തോമസ് (വയസ്സ് 77) നിത്യതയിൽ പ്രവേശിച്ചു. ഭർത്താവ് പരേതനായ തോമസ്. മക്കൾ: ബിനു തോമസ്, മിനി അനിൽ, ബിന്ദു ആന്റണി, ബിജി സത്യാർത്ഥി. മരുമക്കൾ: തോമസ് ഫിലിപ്പ്, അനിൽ, ആന്റണി ഹ്യൂഗൈൻസ്, പാസ്റ്റർ ബാബു സത്യാർത്ഥി. ആറക്കോണം പി എം ജി സഭാ അംഗമായ മാതാവിന്റെ സംസ്ക്കാര ശ്രുശൂഷ ജൂലൈ 3ന് സഭാ സെമിത്തേരിയിൽ നടത്തപ്പെടും.

ഏലിയാമ്മ സി.എം

ഓതറ: ഐപിസി കേരള സ്റ്റേറ്റ് സൺഡേ സ്കൂൾ അസോസിയേഷൻ മുൻ അസോസിയേറ്റ് സെക്രട്ടറി പാസ്റ്റർ സി റ്റി ജോണിന്റെ മാതാവ് ഏലിയാമ്മ സി.എം. (101) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ജൂലൈ 07ന് തിങ്കളാഴ്ച രാവിലെ 8ന് ഭവനത്തിലും 9ന് ഐ പി സി ഫിലദെൽഫിയ ഓതറ സഭാ ഹാളിലും ആരംഭിക്കുന്ന ശുശ്രൂഷകൾക്ക് ശേഷം 12ന് സഭാ സെമിത്തേയിൽ. ഭർത്താവ്: പരേതനായ ചുണ്ടനാകുടി സി.പി. തോമസ്.

മക്കൾ: പൗലോസ്, അമ്മിണി, ചിന്നു, പാസ്റ്റർ മാത്യു തോമസ് (ഐപിസി തൃശ്ശൂർ ഈസ്റ്റ് സെന്റർ മിനിസ്റ്റർ), പാസ്റ്റർ സി റ്റി ജോൺ (ഐപിസി കേരള സ്റ്റേറ്റ് സൺഡേ സ്കൂൾ അസോസിയേഷൻ മുൻ അസോസിയേറ്റ് സെക്രട്ടറി). മരുമക്കൾ: മേരി, പാസ്റ്റർ പി.എക്സ്. പോൾ, പരേതനായ പാസ്റ്റർ പി.പി. ജോൺ, ഏലിയാമ്മ, മേഴ്സി.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.07.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 Issue. 13 RNI. No. KERMAL/2002/09730 Annual Subscription 200 Pages 8

അകപ്പുറം

ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

"അവൻ സൌന്ദര്യമുള്ളവൻ എന്ന് കണ്ടിട്ട്..."

എല്ലാ അമ്മമാരും പിറക്കുന്ന കുഞ്ഞിനെ കാണുവാൻ കൊതിയോടെ കാത്തിരിക്കും. കുഞ്ഞ് ഉദരത്തിൽ ഉണ്ട് എന്നറിയുന്ന ആദ്യ നിമിഷത്തിലെ അത്ഭുതം മുതൽ ആകാംക്ഷയോടെ കാത്തിരിപ്പാണ് ഓരോ സ്ത്രീയും . കുഞ്ഞിനെക്കുറിച്ച് കേട്ട നിമിഷം മുതൽ അമ്മ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും, തിരിയുന്നതും, മറിയുന്നതും, ശരീരത്തിന്റെ ഓരോ ചലനങ്ങളിലും അന്നു വരെ ഇല്ലാത്ത ശ്രദ്ധയോടെയായിരിക്കും. കഴിക്കുന്നതിലും, കുടിക്കുന്നതിലും വരെ ജാഗ്രതയുണ്ടാവും. മറ്റുള്ളവർ അടുത്ത് വരുമ്പോഴും ആളുകൾക്കിടയിലേക്ക് പോകുമ്പോഴും അസാധാരണമായ ഒരു ശ്രദ്ധ താൻ പുലർത്തും.

അമ്മയുടെ സ്വപ്നമാണ് ഓരോ കുഞ്ഞും. യോഖേബേദ് എന്ന അമ്മയുടെ ഉദരത്തിൽ മൂന്നാമത്തെ കുഞ്ഞ് വളരാൻ തുടങ്ങിയ നാളുകൾ അവർ പാർക്കുന്ന മിസ്രയീമിൽ ഏറെ ക്ലേശകരമായ അവസ്ഥകളിലൂടെ കടന്നു പോവുകയായിരുന്നു. ആ കാലത്ത് പിറക്കുന്ന ആൺകുട്ടികളെ കൊന്നുകളവാൻ രാജ്യത്തിന്റെ അധികാരിയായ ഫറവോൻ ഉത്തരവിട്ടിരുന്നു. അതിൻ പ്രകാരം പല ആൺകുട്ടികളും പിറവിയിലെ മരണത്തിനു കീഴടങ്ങേണ്ടി വന്നു.

ആ സമയത്താണ് അമ്രാം - യോഖേബേദ് ദമ്പതികൾക്ക് ഒരു ആൺകുട്ടിയെ കൂടി ദൈവം സമ്മാനമായി നൽകിയത്.

മൂന്ന് വയസുള്ള ഒരു മകനും കൗമാരക്കാരിയായ ഒരു മകളും ആ ദമ്പതികൾക്കുണ്ടായിരുന്നു.എങ്കിലും പുതിയതായി പിറക്കുന്ന കുഞ്ഞിനെ സ്വീകരിക്കുവാൻ അവർ മനസൊരുക്കി കാത്തിരുന്നിരുന്നു.

അത്യന്തം അപകടകരമായ സാഹചര്യമായിരുന്നു ആ കാലം, ആൺകുഞ്ഞുങ്ങളെ നൈൽ നദിയിലിട്ടു കളയണമെന്നായിരുന്നു നിയമം. അങ്ങനെ നൈൽ നദി യിസ്രായേല്യ ആൺകുട്ടികളുടെ ശവപ്പറമ്പ് പോലെയായി തീർന്നിരുന്നു.

പക്ഷെ, ഈ മാതാപിതാക്കൾ കുഞ്ഞിനെ സൂക്ഷിച്ചു നോക്കിയപ്പോൾ അവൻ സൌന്ദര്യമുള്ളവൻ എന്നു കണ്ടു. എല്ലാ അമ്മമാർക്കും പിറക്കുന്ന കുഞ്ഞ് സൌന്ദര്യമുള്ളതു തന്നെയാണല്ലോ...പിന്നെന്താണ് ഈ കുഞ്ഞിന്റെ പ്രത്യേകത? ആ ദമ്പതികൾ കുഞ്ഞിന്റെ 'ആന്തരിക സൌന്ദര്യം' കണ്ടു. ഇവൻ ഒരു അസാധാരണ കുഞ്ഞാണെന്ന് അവർ തിരിച്ചറിഞ്ഞു. അവനിലെ സാധ്യതകളെക്കുറിച്ച് അവർ ചിന്തിക്കാൻ തുടങ്ങി. മുന്നിൽ രണ്ട് സാധ്യതകളുണ്ട്.ഒന്ന്, കുഞ്ഞിനെ നൈൽ നദിക്ക് കൊടുത്താൽ ജലജീവികൾക്ക് ഭക്ഷണമായി ജീവിതം എന്നേക്കുമായി അസ്തമിക്കും ; അല്ലെങ്കിൽ വളരാൻ അനുവദിക്കാം. വളരാൻ അനുവദിക്കുക അത്യന്തം ക്ലേശകരമാണ്.

ആൺകുട്ടികൾ പിറക്കുന്നുണ്ടോ എന്ന് ഓരോ യിസ്രായേല്യ വീടുകളിലും കയറിയിറങ്ങി അന്വേഷിക്കുന്ന രഹസ്യന്വേഷണ സംഘം ഉൾപ്പെടെ രാജാവിന്റെ അന്വേഷണ വിഭാഗം സജീവമാണ് ആ കാലത്ത്. ഏതെങ്കിലും തരത്തിൽ ഈ ഒളിച്ചു കളി ഫറവോൻ അറിഞ്ഞാൽ ആൺകുഞ്ഞിനൊപ്പം കുടുംബാംഗങ്ങളും കൂടി മരണത്തിനു കീഴടങ്ങേണ്ടി വരും. എന്തു വന്നാലും സ്വീകരിക്കുക തന്നെ എന്ന നിശ്ചയത്തോടെ ആ കുടുംബം കുഞ്ഞിനെ വളർത്തുവാൻ തീരുമാനമെടുത്തു.

ഓരോ കുഞ്ഞിനും 'ആന്തരീക സൌന്ദര്യമുണ്ട് '. അത് തിരിച്ചറിയുവാൻ പലപ്പോഴും വ്യക്തികൾക്കും രക്ഷിതാക്കൾക്കും സഭകൾക്കും കഴിയാതെ പോകുന്നുണ്ട്. ഇന്നും എത്രയോ കുഞ്ഞുങ്ങൾ പിറക്കുന്നു. അവർ സമൂഹത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു. എന്നാൽ മിക്ക കുഞ്ഞുങ്ങളുടെയും ഉള്ളവും നിനവും സാധ്യതകളും അറിയുവാൻ യിസ്രായേല്യ കുടുംബത്തിനും സഭയ്ക്കും ഒട്ടും കഴിയാതെ പോകുന്നു. അതുകൊണ്ടു തന്നെ മിക്കവരും മിസ്രയീമ്യ ബാലകർക്കൊപ്പം കളിച്ചു വളരുന്നു, അവർ കൗമാരം കഴിയുമ്പോഴേക്കും കയ്യിൽ നിൽക്കുന്നില്ലെന്ന കരച്ചിലും നിലവിളികളുമാണ് പല വീടുകളിൽ നിന്നും ഉയരുന്നതും.

അമ്രാം - യോഖേബേദ് ദമ്പതികൾ ഈ നവജാത ശിശുവിനെ വീട്ടിൽ കിടത്തിയിട്ട് ജോലിക്കു പോകുമ്പോൾ മൂന്ന് വയസുകാരൻ അഹരോനോട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞേല്പിക്കുമായിരുന്നു. കൗമാരക്കാരി മിര്യാം കൊച്ചനിയനെ സംരക്ഷിക്കുമായിരുന്നു.നുള്ളി നോവിക്കുന്നതു പോയിട്ട് കളിച്ച് ചിരിപ്പിച്ചാൽ പോലും പ്രശ്നമാകുമെന്ന തിരിച്ചറിവ് ആ സഹോദരങ്ങൾക്ക് നൽകുവാൻ ആ കുടുംബത്തിനു കഴിഞ്ഞു എന്നതും നാം ശ്രദ്ധിക്കേണ്ട കാര്യമാണ്.

ആ നാൽവർ സംഘത്തിന്റെ പരസ്പരധാരണയും സമർപ്പണവും ശ്രദ്ധാപൂർവ്വമായ ജീവിതവും മികവുറ്റ പരിചരണവുമാണ് എട്ടും പൊട്ടും തിരിയാത്ത ആ കുഞ്ഞിന്റെ ജീവൻ നിലനിൽക്കാൻ കാരണമായത്.

നമ്മുടെ കുഞ്ഞുങ്ങളുടെ സൌന്ദര്യം അവരുടെ ശൈശവത്തിൽ തന്നെ നാം കാണുന്നുണ്ടോ? അവരുടെ സാധ്യതകളെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ? അവർക്കു വേണ്ടി ശ്രമകരമായ ചുവടുകൾ വയ്ക്കുവാൻ നാം ധൈര്യം കാണിക്കാറുണ്ടോ? ഓരോ കുഞ്ഞും ഓരോ അത്ഭുതമാണ്,ദൈവം ഭൂമിക്കു നൽകുന്ന സമ്മാനമാണ്. അമ്രാം -യോഖേബേദ് ദമ്പതികൾ 'സൌന്ദര്യമുള്ളവൻ' എന്നു കണ്ടിട്ടു ശ്രദ്ധാപൂർവ്വം വളർത്തിയ മകനാണ് പിൽക്കാലത്ത് ദൈവം അത്ഭുതകരമായി ഉപയോഗിച്ച 'മോശെ'.

പ്രിയരെ,

നമ്മുടെ മോശക്കുഞ്ഞ് എവിടെ? അവനിലെ ആന്തരിക സൌന്ദര്യം എങ്ങനെ? അവനായി ഉണ്ടാക്കിയ പ്രാർത്ഥനയുടെ ഞാങ്ങണപ്പെട്ടി ഇന്നെവിടെ? നൈലിൽ സൂക്ഷിക്കപ്പെടുമ്പോൾ ദൂരത്ത് മാറി നിന്ന് ആ പെട്ടിയെ മാത്രം സൂക്ഷിച്ചു നോക്കുന്ന കൺകൾ ഇപ്പോഴുമുണ്ടോ? അവന്റെ സുരക്ഷക്കായി മിര്യാമിനെയും അഹരോനെയും വളർത്തുന്നതിൽ നാം വിജയിച്ചോ?

എരിയുന്ന മനസിൽ മായാതെ കുറിച്ചു വയ്ക്കുക, ' കുഞ്ഞ് സൌന്ദര്യമുള്ളവൻ എന്ന് കണ്ടിട്ട്...'

കുമ്പനാട് ഹെബ്രോൻ ചാപ്പൽ ശതാബ്ദി സമ്മേളനം ജൂലൈ 12ന്

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ മാതൃസഭ എന്നറിയപ്പെടുന്ന ഐപിസി ഹെബ്രോൻ ചാപ്പൽ 2025 ജൂലൈ 12 ന് നൂറ് വർഷങ്ങൾ പിന്നിടുന്നു.

ജൂലൈ 12 ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ സ്തോത്ര ശുശ്രൂഷയും ശതാബ്ദി സമാപന സമ്മേളനവും നടക്കും. പാസ്റ്റർ ഡി. സാംകുട്ടി അധ്യക്ഷത വഹിക്കും. ഐപിസി ജനറൽ പ്രസിഡന്റ് റവ. ഡോ. റ്റി. വത്സൻ ഏബ്രഹാം ഉദ്ഘാടനം ചെയ്യും. റവ. ഡോ. കെ.സി. ജോൺ സമർപ്പണ പ്രാർഥന നിർവഹിക്കും. പാസ്റ്റർ കെ.സി. തോമസ് മുഖ്യ സന്ദേശം നൽകും. ശുശ്രൂഷകരെ ആദരിക്കൽ ഐപിസി സീനിയർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് നിർവഹിക്കും.

ജീവകാരുണ്യ പ്രവർത്തന ഉദ്ഘാടനം ബഹു. മന്ത്രി വീണാ ജോർജ്ജും സഹായ വിതരണം ബഹു. ആന്റോ ആന്റണി എംപി യും നിർവഹിക്കും. മുൻ എംഎൽഎ യും സിപിഎം ജില്ലാ സെക്രട്ടറിയുമായ ബഹു. രാജു ഏബ്രഹാം, ശ്രീമതി സുജാത പി. (കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ്). പാസ്റ്റർ ബ്ലസൻ കുഴിക്കാല (ഐപിസി കുമ്പനാട് സെന്റർ സെക്രട്ടറി) എന്നിവർ ആശംസകൾ അറിയിക്കും.

സഭാ നേതാക്കൾ ജന പ്രതിനിധികൾ മാധ്യമ പ്രവർത്തകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന സഭാംഗങ്ങൾ പങ്കെടുക്കും.

ഹെബ്രോൻ സഭയിൽ ശുശ്രൂഷിച്ച മുൻകാല പാസ്റ്റർമാരെയും സഭയിലെ മുതിർന്ന വിശ്വാസികളെയും ആദരിക്കും. ഉച്ചകഴിഞ്ഞ് 2 മുതൽ കുടുംബ സംഗമം നടക്കും.

ഒരു വർഷം നീണ്ടു നിന്ന ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സുവിശേഷ ജീവകാരുണ്യ പദ്ധതികൾ നടത്തുവാൻ സഭയ്ക്കു കഴിഞ്ഞു എന്ന് ശദാബ്ദി കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് അവാർഡുകൾ പ്രഖ്യാപിച്ചു



ന്യൂയോർക്ക്: ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഇന്റർനാഷണൽ ഫെല്ലോഷിപ്പിന്റെ 2025 -ലെ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രസിഡന്റ് പാസ്റ്റർ മാത്യു കെ . ഫിലിപ് അദ്ധ്യക്ഷനായുള്ള കമ്മറ്റിയാണ് നോർത്ത് അമേരിക്കൻ ദൈവസഭകളിൽ നിന്നും വിവിധ ക്രൈസ്തവ സാഹിത്യ സംഭാവനകൾ നൽകിയവരെ അവാർഡിനായി തിരഞ്ഞെടുത്തത് .

റവ .ഡോ. സി.വി. ആൻഡ്രൂസ്, (ഓൺലൈൻ ബൈബിൾ കമെന്ററി) പാസ്റ്റർ മത്തായി സാംകുട്ടി (ഗാനങ്ങൾ), റവ. ഡോ. ഷിബു തോമസ് (പുസ്തക രചന), എബി ജേക്കബ് ഹ്യൂസ്റ്റൺ (പുസ്തക രചന), പാസ്റ്റർ ജോൺ സൻസഖറിയാ (ലേഖനങ്ങൾ), റോയി മേപ്രാൽ (ലേഖനം), സൂസൻ ബി ജോൺ (കവിതകൾ), ഏലിയാമ്മ ലൂക്കോസ് (പുസ്തകം), റീന സാമുവേൽ (ലേഖനം) എന്നിവരാണ് അവാർഡുകൾ നേടിയത്. ജൂലൈ 10 മുതൽ ന്യൂയോർക്കിൽ നടക്കുന്ന ഇരുപത്തിയെട്ടാമത് കോൺഫ്രൻസിൽ പ്രത്യേക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon